ശ്രീ രാം ചന്ദ്ര മിഷൻ

ECHOES
ഇന്ത്യ
വാർത്താപത്രിക



# 2015 പുതുവത്സരസന്ദേശം

"'താങ്കൾ ആരാണ്?' എന്ന ചോദ്യത്തിനുത്തരമായി 'ഞാൻ ഒരഭ്യാസിയാണ്' എന്ന് എല്ലാവരും സ്വയം പരിചയപ്പെടുത്തുമെന്ന് ഞാനാശിക്കുന്നു, കാരണം അതാണ് എന്റെ ജീവിതത്തിലെ, എന്റെ ഹൃദയത്തിലെ സർവ്വപ്രധാനമായ കാര്യം. ഞാനൊരഭ്യാസിയാണെന്ന കാര്യം നമ്മുടെ ഹൃദയത്തിൽ സ്ഥായിയായി മുദ്രണം ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ നിമിഷവും ആ തോന്നൽ നമ്മുടെയുള്ളിൽ ആഞ്ഞ്പതിപ്പിക്കേണ്ടതുണ്ട്, അത്കൊണ്ടു തന്നെ അദ്ദേഹത്തിന്റെ സ്നേഹസ്മരണയില്ലാതെ ഒരു നിമിഷവും കടന്നുപോകരുത്. പാഴാക്കിയ നിമിഷങ്ങളെക്കുറിച്ചോർത്ത് പശ്ചാത്തപിക്കുക. അല്ലെങ്കിൽ വർഷങ്ങൾ പലതും പറന്നുപോകും, മരുഭൂമിയിൽ മായ്ഞ്ഞുപോകുന്ന പുഴപോലെ അസ്തിത്വം പരന്നില്ലാതാകും. അനന്തമായ കാലപ്രവാഹത്തിൽ നമ്മുടെ അസ്തിത്വവും അപ്രത്യക്ഷമാകും."

കമലേഷ് ഡി. പട്ടേൽ, 2015 ജനുവരി ഒന്ന്, മണപ്പാക്കം.

## മണപ്പാക്കത്ത് നിന്നുള്ള വാർത്തകൾ

### 2014 ഒക്ടോബർ

ഒക്ടോബർ ഒന്ന് ബുധനാഴ്ച്ച വീൽചെയറിൽ പുറത്തേക്ക് വന്ന മാസ്റ്റർ പുതിയതായി സാധനയാരംഭിച്ച ഇരുപതോളം ചൈനീസ് അഭ്യാസികളെ കണ്ടു. രണ്ടാം തീയ്യതി മുതൽ ആരംഭിക്കാനിരിക്കുന്ന അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ചൈനീസ് സെമിനാറിൽ പങ്കെടുക്കാനെത്തിയതായിരുന്നു അവർ. നാലാം തീയ്യതി വൈകുന്നേരം 6 മണിക്ക് അദ്ദേഹം കോട്ടേജ് കവാടത്തിൽ സന്നിഹിതരായിരുന്ന ചൈനയിൽ നിന്നും ദക്ഷിണാഫ്രിക്കയിൽനിന്നും വന്ന അഭ്യാസികൾക്കൊപ്പം ഒരുമണിക്കൂറോളം ചെലവഴിച്ചു. പരിഭാഷിയായ ഒരു സഹോദരന്റെ സഹായത്തോടെ മാസ്റ്റർക്ക് അവരോട് സംവദിക്കാനായി. സംഘാടകർ പിന്നീടോരോരുത്തരെയും മാസ്റ്റർക്ക് പരിചയപ്പെടുത്തിക്കൊടുത്തു. ഒരഭ്യാസി ചൈനീസ് ശൈലിയിൽ പുല്ലാങ്കുഴലിൽ രണ്ട് ഗീതങ്ങൾ വായിച്ചു. മാസ്റ്ററും അവിടെയുണ്ടായിരുന്ന മറ്റെല്ലാവരും അതാസ്വദിച്ചു. വളരെ ക്ഷീണിതനായ മാസ്റ്റർ അതിനുശേഷം നേരെ കിടക്കാൻ പോയി.

### ആസ്ട്രേലിയൻ സെമിനാർ

അഞ്ചാം തീയ്യതി, ആസ്ട്രേലിയയിലെ ബ്രിസ്ബേയ്നിൽ നടക്കുന്ന സെമിനാറുമായി കമലേഷ്ഭായ് വീഡിയോ കോൺഫറൻസ് വഴി സംസാരിച്ചു. ശാരീരിക ക്ലേശമുണ്ടെങ്കിലും സന്തോഷത്തോടെ അതംഗീകരിച്ചുകൊണ്ട് തന്റെ കടമ നിർവ്വഹിക്കുവാൻ മാസ്റ്റർക്ക് സാധിച്ചിരുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ ആനന്ദത്തിന്റെയും ആധ്യാത്മികോന്നതിയുടെയും ഒരനുഭൂതി കൂടെയുള്ളവരിലുണർത്താൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ശാരീരിക പീഡകൾ അനുഭവിക്കുന്നുണ്ടെങ്കിൽപ്പോലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞിരുന്നത് മറ്റുള്ളവർക്ക്, അവർ ആശ്രമത്തിനടുത്തുള്ളവരോ അകലെയുള്ളവരോ എന്ന വ്യത്യാസമില്ലാതെ ആധ്യാത്മിക സേവനം നൽകുന്നതിലായിരുന്നു. തന്റെ അസുഖത്തിനുള്ള ചില പ്രത്യേക ചികിത്സാവിധികൾ, അണുബാധയ്ക്കു കാരണമാകും എന്നതിനാൽ അഭ്യാസികളെ കാണുവാനാവില്ല എന്ന വിവരം, സഹോദരൻ കമലേഷ് കൂട്ടിച്ചേർത്തത് അഭ്യാസികളെ ദു:ഖത്തിലാഴ്ത്തി.

എകദേശം നൂറോളം അഭ്യാസികളും മുപ്പതോളം കുട്ടികളും





ബ്രിസ്ബേനിൽ "ആഹ്ലാദത്തോടെ ധ്യാനിക്കുക" എന്ന് പേരിട്ട ദേശീയ സെമിനാറിൽ പങ്കെടുത്തു.

**ചൈനീസ് സെമിനാർ**

എകദേശം 11 മണിക്ക് മാസ്റ്റർ കോട്ടേജിൻെറ മുൻവശത്തേക്ക് വന്നു, അദ്ദേഹം ചൈനയിലെ അഭ്യാസികളുമൊത്ത് ഗ്രൂപ്പ് ഫോട്ടോയെടുത്തു. ചൈനീസ് സെമിനാറിൻെറ അവസാന ദിവസമായ ഒക്ടോബർ 6, തിങ്കളാഴ്ച്ച സഹോദരൻ കമലേഷ് സമാപന സത്സംഗം നടത്തി.

ഒക്ടോബറിലെ രണ്ടാം ആഴ്ച്ച മുതൽ മാസ്റ്ററുടെ ദിനചര്യക ളിൽ ചെറിയ മാറ്റങ്ങൾ വന്നു. വളരെ വൈകി, ചില ദിവസങ്ങളിൽ കാലത്ത് 9:30യോടെയോ അല്ലെങ്കിൽ പത്തിനോ, ഉറക്കമുണരുന്ന അദ്ദേഹം പ്രാതലിനുശേഷം അന്നത്തെ വാർത്തകൾ വായിച്ചു കേൾക്കും. ഒന്നു രണ്ട് ദിവസങ്ങളിൽ അദ്ദേഹം പുറത്ത് വന്ന് വെയിൽ കാഞ്ഞുകൊണ്ടിരുന്നു. അതിനുശേഷം വിശ്രമിക്കുവാൻ പോകുന്ന അദ്ദേഹം ഉച്ചക്ക് 3 മണിയോടെ എഴുന്നേറ്റിട്ട് ഉച്ചഭക്ഷണം കഴിക്കും. പിന്നീട് ഉച്ച തിരിയുമ്പോൾ അദ്ദേഹം ചിലപ്പോൾ കുറച്ച് സമയം ടെലിവിഷൻ കാണുകയോ



അല്ലെങ്കിലേതെങ്കിലുമൊരു പുസ്തകം വായിച്ചു കേൾക്കുകയോ ചെയ്യും. പിന്നീട് വൈകുന്നേരങ്ങളിൽ അദ്ദേഹം പുറത്ത് വന്നിരിക്കും. മിക്കവാറും സമയങ്ങളിലദ്ദേഹം മൗനത്തിലായിരുന്നു – അഭ്യാസികളുമായി ഇടപഴകുമ്പോൾപ്പോലും. അദ്ദേഹം അവരെ കയ്യുയർത്തി ആശീർവദിക്കുക മാത്രമാണ് ചെയ്യുന്നുണ്ടായിരുന്നത്.

ഒക്ടോബർ 7, ചൊവ്വാഴ്ച്ച, മുൻപ് പിയാനോ വായിക്കാറുള്ള ഒമേഗ വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥിനി കോട്ടേജിൽ വന്ന് ഒരിക്കൽ കൂടി പിയാനോ വായിച്ചു.മാസ്റ്ററത് നിശബ്ദം ശ്രവിച്ചുകൊണ്ടിരുന്നു.

**വീഡിയോ കോൺഫറൻസ് മുഖേനെയുള്ള അമേരിക്കൻ സെമിനാർ**

ഒക്ടോബർ 11-ന് യു.എസ്. സെമിനാറിൽ പങ്കെടുക്കുന്ന അഭ്യാസികളെ വീഡിയോ കോൺഫറൻസ് വഴി അഭിസംബോധന ചെയ്യുവാൻ പരിപാടിയുണ്ടെന്ന് സഹോ. കമലേഷ് മാസ്റ്ററെ അറിയിച്ചു. സഹോ.കമലേഷ് അദ്ദേഹത്തോടവരെ അഭിസംബോധന ചെയ്യാമോ എന്ന് ചോദിച്ചു. അപ്പോളദ്ദേഹം, "എന്ത് കൊണ്ട് ആയിക്കൂടാ?" എന്ന് ചോദിച്ചു. സഹോ.കമലേഷ് എല്ലാവരോടും മറ്റുള്ളവർക്ക് ആകസ്മികത അനുഭവപ്പെടുമാറ് ഇതു രഹസ്യമാക്കി വയ്ക്കുവാൻ നിർദ്ദേശിച്ചു. അന്ന് രാത്രി മാസ്റ്റർ അത്താഴത്തിന് ശേഷം അഭ്യാസികളെ അഭിസംബോധന ചെയ്തു. വലിയ സെൻററുകളായ മൊളെന, മൺറൊ, സാൻ ഓസെ, ടെക്സാസ് എന്നിവടങ്ങളിലെ അഭ്യാസികളെ തൻെറ സ്ക്രീനിൽ അദ്ദേഹം വീക്ഷിച്ചു. മാസ്റ്റർ 20-30 മിനിറ്റുകൾ നീണ്ടു നിന്നൊരു പ്രഭാഷണം നടത്തി. യു.എസ്.എ-യിൽ വ്യാപിച്ചു കിടക്കുന്ന ഇത്രയുമധികം അഭ്യാസികളെ അഭിസംബോധന ചെയ്യാൻ കഴിഞ്ഞതിലദ്ദേഹം സന്തോഷവാനായി കാണപ്പെട്ടു.

യു.എസിലുടനീളം ഒക്ടോബർ 10-12 തിയ്യതികളിൽ തുടങ്ങുന്ന വാരാന്ത്യത്തിൽ അഭ്യാസികളെല്ലാം ആറ് സ്ഥലങ്ങളിലായി "ഒരു സ്നേഹിക്കുന്ന ഹൃദയത്തിൻെറ നിർമ്മിതി" എന്ന് പേരിട്ട സെമിനാറിൽ പങ്കെടുത്തു. തൻെറ പ്രസംഗത്തിൽ മാസ്റ്റർ അഭ്യാസികളോട് അവരിപ്പോൾ തങ്ങളുടെ ഹൃദയം ഉപയോഗിക്കുവാൻ പ്രാപ്തരാണെന്ന കാര്യം മനസ്സിലാക്കണമെന്ന് ഉദ്ബോധിപ്പിച്ചു. "അതെങ്ങനെ ഉപയോഗിക്കാം? സ്നേഹിക്കുക മാത്രമാണു വഴി", അദ്ദേഹം കൂട്ടിച്ചേർത്തു. "ഹൃദയം ഉപയോഗിക്കുകയാണെങ്കിൽ നമുക്കൊരിക്കലും തെറ്റ് പറ്റുവാൻ സാദ്ധ്യതയുണ്ടാകില്ലെന്ന് അദ്ദേഹം പറഞ്ഞു. അതുപയോഗിക്കു വാൻ നാം ഭയപ്പെടരുത്; അതൊരു അപകടം പിടിച്ച കാര്യമല്ല. ഹൃദയമില്ലെങ്കിൽ പിന്നെ ആദ്ധ്യാത്മിക ജീവിതം തന്നെയില്ലെന്ന് അദ്ദേഹം പറഞ്ഞു.

**ഒക്ടോബർ 22-23: ദീപാവലി ഉത്സവം:** 22-ാം തിയ്യതി സഹോ.കമലേഷ് സത്സംഗം നടത്തി. കാലത്ത് കുറച്ചു കഴിഞ്ഞപ്പോൾ മാസ്റ്റർ പുറത്ത് വന്നിരുന്നു. ധ്യാന മന്ദിരത്തിലേക്ക് പോകുവാൻ കഴിയാത്തതിലദ്ദേഹം അസം തൃപ്തനായിരുന്നു. ഉച്ചക്ക് അദ്ദേഹം രാവിലെ മുതൽ തന്നെ ഒരുനോക്ക് കാണുവാനായി കാത്തു നിന്നിരുന്ന അഭ്യാസികളെ കണ്ടു.

വൈകുന്നേരം അദ്ദേഹം ഗോൾഫ് കാർട്ടിൽ ആശ്രമത്തിൽ ചുറ്റിക്കറങ്ങി. ധാരാളം അഭ്യാസികളുണ്ടായിരുന്നതിനാലും എല്ലാവരും അദ്ദേഹത്തെ കാണുവാനായി തിരക്കു കൂട്ടിയതിനാലും സെക്യൂരിറ്റി ജീവനക്കാർക്ക് അഭ്യാസികളെ നിയന്ത്രിക്കാൻ വളരെ പാടുപെടേണ്ടി വന്നു. എന്നാലും മാസ്റ്റർ നിരവധി അഭ്യാസികളെ കണ്ടു. തന്നെ കാണുവാൻ മാത്രമായി നിരവധിയാളുകൾ വന്നതിനാൽ ഇനിയും തനിക്ക് പുറത്ത് വന്നിരിക്കണമെന്ന് അദ്ദേഹം പറയുന്നുണ്ടായിരുന്നു. വ്യാഴാഴ്ച്ച മാസ്റ്റർക്ക് പുറത്തേക്ക് വരുവാൻ സാധിച്ചില്ലെങ്കിലും അദ്ദേഹം കോട്ടേജിൽ നിരവധി

അഭ്യാസികളെ കണ്ടു. കോട്ടേജിനകത്തും പിന്നെ എല്ലാവരുടെയും ഹൃദയത്തിലും തെളിഞ്ഞ ദീപങ്ങൾ അവിടെയാകെ ഉത്സവഛായയേകി.

**ഒക്ടോബർ 24 വെള്ളിയാഴ്ച്ച**

ഗുജറാത്തിൽ നിന്നുള്ള സഹോദരിമാർ വൈകീട്ട് മെഡിറ്റേഷൻ ഹാളിൽ വെച്ച് അവതരിപ്പിച്ച ഗർബ നൃത്തം മാസ്റ്റർ തൻെറ മുറിയിലെ സിസിടിവി-യിലൂടെ കണ്ടു. ഇതവതരിപ്പിച്ച സഹോദരിമാരും കുട്ടികളും മാസ്റ്ററെ കാണാൻ കോറ്റേജിൽ എത്തി. അവരോട് സംസാരിച്ചതു കൂടാതെ പങ്കെടുത്ത ഓരോരുത്തർക്കും സമ്മാനങ്ങളും നൽകിയിരുന്നു." ഇതമൂല്യമാണ്, മറ്റാർക്കും കൈമാറരുത് എന്നു കൂടി അദ്ദേഹം പറഞ്ഞു. "ഞങ്ങൾക്ക് മാസ്റ്റർ അമൂല്യമാണ്. മാസ്റ്റർ തരുന്നതെന്തും അതുപോലെ അമൂല്യമാണ്" എന്നവർ മറുപടി പറഞ്ഞു.

**ഒക്ടോബർ 26 ഞായർ: മാസ്റ്റർ അഭ്യാസികളെ അഭിസംബോധന ചെയുന്നു**

അമേരിക്കയിൽ നടന്നിരുന്ന സെമിനാറിൽ പങ്കെടുത്ത അഭ്യാസികളെ വീഡിയൊ ലിങ്ക് വഴി അഭിസംബോധന ചെയ്യാൻ സാധിച്ചതിൽ മാസ്റ്റർക്ക് സന്തോഷം തോന്നി. "ഇതുപോലിനിയും അഭിസംബോധന ചെയ്യാൻ സാധിക്കുമെങ്കിൽ നന്നായിരുന്നു" എന്ന് അന്നദ്ദേഹം പറഞ്ഞിരുന്നു. ലോകം മുഴുവനുമുള്ള അഭ്യാസികളുമായി ഇത്തരത്തിൽ സംവദിക്കുന്നതിനുള്ള ക്രമീകരണം കമലേഷ് ഭായ് ഒരുക്കുകയും ഇക്കാര്യം എല്ലാവരേയും മുൻകൂട്ടി അറിയിക്കുകയും ചെയ്തു.

രാവിലെ വളരെ നേരത്തെ തന്നെ മാസ്റ്റർ ഇതിനു തയ്യാറായി. പ്രഭാത ഭക്ഷണത്തിനു മുൻപ്, "ഞാനെല്ലാ അഭ്യാസികളെയും അഭിസംബോധന ചെയ്യാൻ പോകുകയാണ്. പക്ഷെ എന്താണ് പറയാൻ പോകുന്നതെന്നതിനെ കുറിച്ച് ഒരു രൂപവുമില്ല. എന്തായാലും എന്തെങ്കിലുമൊക്കെ വരും" എന്നദ്ദേഹം മുകളിലേക്ക് ചൂണ്ടി പറയുന്നുണ്ടായിരുന്നു. എങ്കിലും അദ്ദേഹത്തെ കണ്ട് കാതോർക്കുവാനായി ലോകത്തിൻെറ പല ഭാഗത്തുള്ള ആശ്രമത്തിൽ നിന്നും കേന്ദ്രങ്ങളിൽ നിന്നുമായി കണക്റ്റ് ചെയ്ത അഭ്യാസികളോട് 50 മിനിറ്റിലധികം സംസാരിച്ചു. പ്രഭാഷണത്തിനു ശേഷം അദ്ദേഹത്തിൻെറ മുഖത്ത് സംതൃപ്തി തെളിഞ്ഞു കാണാമായിരുന്നു. കാരണം ഇത്തരത്തിൽ അസംഖ്യം അഭ്യാസികളെ അഭിസംബോധന ചെയ്തിട്ട് ഏറെ മാസങ്ങളായിരുന്നു. പ്രഭാഷണത്തിനു ശേഷം മാസ്റ്റർ ഒരു മണിക്കൂറോളം പുറത്തിരുന്നു. ഈ പ്രഭാഷണം അഭ്യാസികളിൽ ഉണ്ടാക്കിയ സ്വാധീനത്തെപ്പറ്റി അവർ മാസ്റ്ററെ മെയിൽ വഴി അറിയിച്ചു.

**ഒക്ടോബർ 27 തിങ്കൾ**

ഗൃഹപ്രവേശനത്തിനു തയ്യാറായിരുന്ന ഒരഭ്യാസിയുടെ വീട്ടിലേക്ക് പോവാൻ മാസ്റ്റർ തീരുമാനിച്ചത് പെട്ടെന്നായിരുന്നു. തൻെറ ഗോൾഫ് കാർട്ടിൽ അവിടെയെത്തിയ അദ്ദേഹം പ്രസാദം സമർപ്പിക്കുകയും വീടു മുഴുവൻ ചുറ്റികാണുകയും ചെയ്തു. പിന്നീട് അടുക്കളയിലെത്തി പാലു കാച്ചുന്നതിനായി അടുപ്പു കത്തിച്ചു, മാസ്റ്റർ ഹാളിലിരിക്കുന്ന സമയത്ത് കുട്ടികൾ ശാസ്ത്രീയ സംഗീതാലാപനം നടത്തി. പിന്നീടദ്ദേഹം കോട്ടേജിലേക്ക് യാത്ര തിരിച്ചു. ഇരുപത്തൊൻപതാം തിയ്യതി ബുധനാഴ്ച്ച ഒരു ചെറു സത്സംഗവും വിവാഹവും മാസ്റ്റർ നടത്തി. വളരെ കാലത്തിനു ശേഷം കോട്ടേജിൽ ഒരു വിവാഹം നടന്നത് അത്യധികം സന്തോഷമുളവാക്കി. ഉത്സവാന്തരീക്ഷം നിലനിന്ന ഈ അന്തരീക്ഷത്തിൽ ഗ്രൂപ് ഫോട്ടോകൾ എടുത്തിരുന്നു.

ഒക്റ്റോബർ മുപ്പതൊന്നാം തിയ്യതി അദ്ദേഹത്തിൻെറ ആരോഗ്യ സ്ഥിതിയിൽ സ്വൽപം വ്യതിയാനമുണ്ടായതിനാൽ ചില പരിശോധനകൾ നടത്തി. അദ്ദേഹത്തിൻെറ കൂടെ താമസിക്കുന്നതിനായി അന്നു രാത്രി സഹോ. കൃഷ്ണ അവിടെ എത്തിച്ചേർന്നു.

## നവംബർ 2014

**മാസ്റ്ററുടെ ആരോഗ്യം**

നവംബറിൻെറ തുടക്കത്തിൽ തന്നെ മാസ്റ്റർക്ക് അണുബാധ ഉള്ളതായി മനസിലായതിനാൽ മരുന്നു കഴിക്കുവാൻ ആരംഭിച്ചു. ഒരു ദിവസം രാവിലെ ഓഫീസ് മുറിയിൽ എത്തിയ അദ്ദേഹം ശാന്തനായി കാണപ്പെട്ടു. വാർത്ത കേൾക്കുന്നതോടൊപ്പം പ്രഭാത ഭക്ഷണം കഴിച്ച ഉടനെ തന്നെ 'പ്രധാനമന്ത്രി' എന്ന ടി വി പരമ്പര കാണണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പിന്നീടദ്ദേഹം കുറച്ചു നേരം പുറത്തിരിക്കാനും തീരുമാനിച്ചു.

ആ ആഴ്ച്ചയുടെ അവസാനം നടുവേദനയുമായി ബന്ധപ്പെട്ട സ്കാൻ ചെയ്യുന്നതിനായി അദ്ദേഹത്തെ മയട്ട് ആശുപത്രിയിലേക്ക് കൊണ്ടുപോയി. അദ്ദേഹത്തിൻെറ വലതു കൈ വേണ്ടവിധം ചലിപ്പിയ്ക്കാൻ സാധിക്കുന്നില്ലെന്നു കണ്ടിരുന്നു. ഉടനെതന്നെ സമയോചിതമായും ഫലപ്രദമായും ചികിത്സ നൽകാൻ കഴിഞ്ഞതിനാൽ ഇതിൻെറ ആഘാതം കുറയ്ക്കാൻ സാധിച്ചു. ഒരാഴ്ച്ച കൊണ്ട് അണുബാധ കുറയുകയും വലതു കൈ പ്രവർത്തനക്ഷമമാവുകയും ചെയ്തു. ഇൻഫക്ഷനുള്ളതിനാൽ അധികമാളുകൾ ഒരേ സമയം അദ്ദേഹത്തിൻെറ കോട്ടേജിൽ ഉണ്ടാവാൻ പാടില്ലെന്നു ഡോക്റ്റർമാർ കർശന നിർദ്ദേശം നൽകിയിരുന്നു .

വലതു കൈ ശരിയാവുന്നതിനായി ചില വ്യായാമങ്ങൾ മാസ്റ്റർ ചെയ്തു. ജർമനിയിൽ നിന്നുള്ള ഒരു സഹോദരി കുറച്ചു ദിവസങ്ങളായി മാസ്റ്ററുടെ കൈക്ക് ചെയ്ത തടവൽ ഫലപ്രദമായി കാണപ്പെട്ടു. മാസ്റ്റർ തൻെറ കയ്യൊപ്പ് പരിശീലിച്ചു കൊണ്ടിരുന്നു. പതുക്കെ പതുക്കെ അദ്ദേഹത്തിൽ പുരോഗതി കാണാമായിരുന്നു. പതിവായി ചെയ്യുന്ന ജോലികളിലേയ്ക്ക് തിരിച്ചു വരുവാനുള്ള അദ്ദേഹത്തിൻെറ ദൃഢനിശ്ചയം ഏവർക്കും



ശ്രീ രാം ചന്ദ്ര മിഷൻ എക്രോസ് ഇന്ത്യ വാർത്താപത്രിക



യുവജന സെമിനാറിലെ പങ്കാളികളോടൊപ്പം

പ്രചോദനമായി. മാസ്റ്ററുടെ മനസ്സു എപ്പോഴും നിയന്ത്രണത്തിലാണ് എന്നു ഡോക്ടർമാർ പറഞ്ഞുകൊണ്ടിരുന്നു . നവംബർ രണ്ടാം വാരത്തിൻെറ അവസാനത്തോടെ അദ്ദേഹത്തിനു എഴുതാൻ ചെറിയ തോതിൽ മാത്രമേ ബുദ്ധിമുട്ടുണ്ടായിരുന്നുള്ളൂ. ഒരു പ്രിഫക്റ്റ് സർട്ടിഫിക്കറ്റ് ഒപ്പു വെക്കുക വരെ ചെയ്തു.

രണ്ടാമത്തെ ആഴ്ചയുടെ അവസാനത്തോടെ മാസ്റ്ററുടെ ആരോഗ്യത്തിൽ പ്രകടമായ പുരോഗതിയുണ്ടായി. ഒരവസരത്തിൽ അദ്ദേഹം കിടപ്പുമുറിയുടെ പുറത്ത് വന്നിരിക്കുകയും പ്രസന്നവദനനായി കാണപ്പെടുകയും ചെയ്തു. തന്നോടൊപ്പം പ്രാതൽ കഴിക്കുവാൻ അദ്ദേഹം കമലേഷ് ഭായിയോടാവശ്യപ്പെട്ടു. മാസ്റ്റർ അതീവശ്രദ്ധയോടെ വാർത്തകൾ കേട്ടിരുന്നു. അദ്ദേഹം പുറത്തുതന്നെ ഇരിക്കുകയും ഒരു മണിക്കൂറോളം കമലേഷ് ഭായ് അദ്ദേഹത്തിൻെറ കമ്പ്യൂട്ടറിൽ കേൾപ്പിച്ച ദിവംഗതനായ ഭീംസെൻ ജോഷി(ഇൻഡ്യൻ ഗായകൻ)യുടെ രണ്ടു ഗാനങ്ങൾ ആസ്വദിക്കുകയും ചെയ്തു.കണ്ണുകളടച്ചാണു മാസ്റ്റർ അവ ശ്രദ്ധിച്ചത്. സംഗീതം തുടർന്നു കൊണ്ടിരിക്കെ മാസ്റ്റർ എല്ലാവരിലും ആത്മീയ പുരോഗതിയുണ്ടാകുവാനുള്ള പ്രവർത്തനവും നടത്തിയിരുന്നുവെന്നു സൂക്ഷ്മമായി ശ്രദ്ധിക്കുന്നവർക്ക് മനസ്സിലാവും. മുംബൈയിൽ ഒരു സർവ്വകലാശാലയുടെ ഡയറക്ടറായ പുതിയ ഒരു അഭ്യാസി സഹോദരി മാസ്റ്ററോടൊപ്പം ഇരിയ്ക്കുന്നുണ്ടായിരുന്നു. അവർ പിന്നീട് സ്വയം പരിചയപ്പെടുത്തുകയും അൽപ്പനേരം സം ഭാഷണത്തിലേർപ്പെടുകയും ചെയ്തു.അതിനു ശേഷം അദ്ദേഹം വിശ്രമിക്കാൻ പോയി. ഈ ഒത്തു ചേരൽ മൊത്തം മൂന്നു മണിക്കൂറോളം നീണ്ടുനിന്നു .

## നവംബർ 21 വെള്ളിയാഴ്ച്ച

തൻെറ അരികിലെത്തിയ നവദമ്പതികളെ മാസ്റ്റർ അനുഗ്രഹിച്ചു. പിന്നീട് വെയിലേൽക്കാനായി മാസ്റ്റർ കോട്ടേജിനു പുറത്തുവന്നിരുന്നു. ക്രമേണ അഭ്യാസികൾ എത്തിത്തുടങ്ങി. വൈകാതെ, മാസ്റ്ററോടൊത്തിരിക്കാൻ എല്ലാവർക്കും സാദ്ധ്യമാവും വിധം അകത്തേക്ക് കടന്നുവരാനായി എല്ലാ കവാടങ്ങളും തുറന്നിട്ടു .

മുറിക്കു പുറത്തുള്ള ഇത്തരം കൂട്ടായ്മകളിൽ മുഴുവനാളുകളും മാസ്റ്ററുടെ സാന്നിദ്ധ്യം നിറഞ്ഞ അന്തരീക്ഷത്തിൽ ആമഗ്നരാവുകയും അവരോടൊപ്പം മാസ്റ്റർ മിക്കവാറും നിശബ്ദനായിരിക്കുകയും ചെയ്തു. വല്ലപ്പോഴും അഭ്യാസികൾ ഏതെങ്കിലും വിഷയം ഉന്നയിക്കുകയും അതൊരു ചർച്ചയായി പരിണമിക്കുകയും ചെയ്തു.

നവംബർ 23 ഞായറാഴ്ച, മാസ്റ്റർക്ക് അണുബാധയുണ്ടായി എന്നറിഞ്ഞ് എല്ലാവരും ഉത്കണ്ഠാകുലരായി. തുടർന്ന് ചില പരിശോധനകൾ നടത്തുകയും മാസ്റ്റർ വീണ്ടും രോഗശമനത്തിനായുള്ള മരുന്നുകൾ കഴിക്കാൻ തുടങ്ങുകയും ചെയ്തു. ശരീരം മുഴുവൻ തീവ്രവേദനയനുഭവിക്കുന്ന മാസ്റ്ററെ കാണുന്നതുതന്നെ ഏറെ വിഷമകരമായിരുന്നു.. ദിവസങ്ങളോളം അദ്ദേഹം കിടക്കയിൽ തന്നെ കഴിച്ചുകൂട്ടി..

## യുവാക്കൾക്കായുള്ള സമ്മേളനം

നവംബർ 28 വെള്ളിയാഴ്ച്ച രാവിലെ ഏകദേശം 10.15നു മാസ്റ്റർ കോട്ടേജിനു പുറത്തുവരികയും സമ്മേളനത്തിൽ പങ്കെടുത്തവരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു. തിങ്കളാഴ്ച തുടങ്ങിയ സമ്മേളനം പരിസമാപ്തിയോടടുക്കുകയായിരുന്നു. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും 250 തോളം പേർ സമ്മേളനത്തിൽ പങ്കെടുത്തു. കമലേഷ് ഭായ് എല്ലാ ദിവസവും രാവിലെ 6.30നു സത്സംഗവും 9.00നു പ്രഭാഷണവും നടത്തി. കൂടാതെ കൂട്ടായ ചർച്ചകളും വൈകുന്നേരങ്ങളിൽ രസകരങ്ങളായ സിനിമാ പ്രദർശനവും ഉണ്ടായി.

മാസ്റ്റർ പുറത്ത് ഇരിക്കുകയും സമ്മേളനത്തിൽ പങ്കെടുത്ത മുഴുവൻ അഭ്യാസികളേയും കോട്ടേജിലേക്ക് വരാൻ അനുവദിക്കുകയും ചെയ്തു. അതിനു മുൻപുള്ള ഞായറാഴ്ച്ച മാസ്റ്റർ സമ്മേളനത്തെക്കുറിച്ചറിഞ്ഞപ്പോൾ ഇങ്ങിനെ പറഞ്ഞു, " ചെറുപ്പത്തിലേ പിടികൂടുക എന്ന പ്രയോഗത്തിൽ ഞാൻ വിശ്വസിക്കുന്നു." മാസ്റ്റർ കൂടുതലൊന്നും പറഞ്ഞില്ല. എന്നാൽ പത്ത് പ്രമാണങ്ങൾ അവതരിപ്പിക്കാൻ ഒരു സഹോദരനു അവസരം നൽകി. മാസ്റ്റർ അത് സശ്രദ്ധം കേൾക്കുകയും 90 മിനിട്ടോളം യുവാക്കളോടൊപ്പം ചിലവിട്ടതിനു ശേഷം അകത്തേയ്ക്കു പോവുകയും ചെയ്തു.

## നവംബർ 29 ശനിയാഴ്ച: വാർത്താലേഖനം

ചാർട്ടേർഡ് എക്കൗണ്ടൻസി പഠിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളായി 50% ത്തോളം വർദ്ധനവുണ്ടായി എന്ന വാർത്ത വായിച്ചപ്പോൾ, അതിൽ ഏറെ സന്തോഷിക്കുന്നുവെന്ന് മാസ്റ്റർ പറഞ്ഞു. അദ്ദേഹം, "ഈ ജോലി നല്ലൊരവസരമാണെന്ന് നമ്മുടെ പെൺകുട്ടികളോട് ഞാൻ വർഷങ്ങളായി പറയുന്നു. സൗകര്യപ്രദമായ ജോലിസമയം തിരഞ്ഞെടുക്കാവുന്നതുകൊണ്ട് രാത്രികാലങ്ങളിൽ ജോലി ചെയ്യുക തുടങ്ങിയ അപകടകരമായ കാര്യങ്ങൾ ഇതിലില്ല", എന്നും അഭിപ്രായപെട്ടു. പിന്നീട് ചർച്ച പൊതുജീവിതത്തിലേക്ക് വഴിമാറി. എങ്ങിനെയാണു ആവശ്യങ്ങൾ വർദ്ധിക്കുന്നത് എന്നതിനെപ്പറ്റി മാസ്റ്റർ വിശദീകരിച്ചു. ഞങ്ങളുടെ കാലത്ത് ഫ്രിഡ്ജിനു ഒരു വലിപ്പമേ ഉണ്ടായിരുന്നുള്ളൂ, മറ്റൊന്നു തിരഞ്ഞെടുക്കാനുള്ള സാദ്ധ്യതയില്ലായിരുന്നു. എന്നാൽ ഇന്ന് ആ ളുകൾ കൂടുതൽ വലുപ്പമുള്ള ഫ്രിഡ്ജുകൾ വാങ്ങുകയും അതിൽ അവശേഷിച്ച ഭക്ഷണസാധനങ്ങൾ കുത്തിനിറയ്ക്കുകയും ചെയ്യുന്നു. ഒരു കാറുണ്ടായാൽ നിങ്ങൾക്ക് തോന്നും രണ്ടാമതൊന്ന് വേണമെന്ന് . നമുക്ക് സന്തോഷവും സംതൃപ്തിയും കൈവരണമെങ്കിൽ ഏറ്റവും കുറഞ്ഞ അടിസ്ഥാനപരമായ കാര്യങ്ങളിലേയ്ക്ക് നമ്മുടെ ആവശ്യങ്ങളെ പരിമിതപ്പെടുത്തണമെന്നാണ് എനിക്ക് തോന്നുന്നത്.''

## ഡിസംബർ 2014

### അവസാനത്തെ ആഴ്ചകൾ

**പ്രിഫക്ടുമാർക്കുള്ള ഗ്രൂപ്പ് സിറ്റിംഗ്:**

ഡിസംബർ 3, 4 തിയ്യതികളിൽ മാസ്റ്റർ 39 പേരടങ്ങുന്ന പുതിയ പ്രിഫക്റ്റുമാരുടെ ഒരു സംഘത്തിനു അവസാന സിറ്റിംഗ് കൊടുത്തു. അദ്ദേഹം സർറ്റിഫികറ്റുകൾ ഒപ്പിടുന്ന കർമവും നിർവഹിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ, മാസ്റ്റർ പ്രഭാതഭക്ഷണത്തിനുശേഷം ഉടനെത്തന്നെ വിശ്രമിക്കുവാനായി പോയിരുന്നു; പിന്നീട് ഉച്ചക്കുശേഷമേ അദ്ദേഹം ഉണർന്നുള്ളൂ.



**880 വോൾട്ട് സംപ്രേഷണം:**

അമേരിക്കയിൽ നിന്നും വന്ന 83 വയസ്സുള്ള ഒരു അഭ്യാസി സഹോദരൻ, നാലു മണിക്കൂറിലേറെ നേരം കാത്തുനിന്ന ശേഷം മാത്രമാണ് മാസ്റ്ററെ കാണാൻ സാധിച്ചത്. അവസാനം അവർ കണ്ടുമുട്ടിയപ്പോൾ, ആ അഭ്യാസി മാസ്റ്ററോടു പറഞ്ഞു, "മാസ്റ്റർ, ഒരവസരത്തിൽ അങ്ങു ഒരു സിറ്റിംഗ് നൽകിയപ്പോൾ അതു 880 വോൾട്ട് ഉള്ള സംപ്രേഷ ണമായി എന്നിലേക്കു പ്രവഹിക്കുന്നതായി തോന്നി, ഞാൻ നിലംപൊത്തിപ്പോയി!". മാസ്റ്റർ ചിരിച്ചു. ആ സഹോദരൻ കൂട്ടിച്ചേർത്തു, "അവിടുന്നു അങ്ങയുടെ അടുത്തേക്കു വരുന്നവർക്കെല്ലാം എങ്ങനെ സംപ്രേഷണം നൽകുന്നു എന്നു കാണുമ്പോൾ എന്റെ ഹൃദയം ആർദ്രമാവുന്നു." മാസ്റ്റർ പിന്നേയും ചിരിച്ചു, അതിനുശേഷം ഒരു നിമിഷനേരത്തേക്കു പരിപൂർണ നിശബ്ദതയായിരുന്നു. ആ ചുരുങ്ങിയ നിമിഷ ത്തിൽ എന്തു സംഭവിച്ചു എന്നു മാസ്റ്റർക്കു മാത്രമേ അറിയൂ എങ്കിലും ആ മുറിയിലുണ്ടായിരുന്ന അധികം പേരുടേയും കണ്ണുകൾ നിറഞ്ഞിരുന്നു.

**നിശ്ശബ്ദമായ സിറ്റിംഗ്**

ഒരു വൈകുന്നേരം, മാസ്റ്റർ തീവ്രമായ വേദന അനുഭവിക്കുക യായിരുന്നു; അദ്ദേഹത്തിന്റെ കണ്ണുകൾ അടഞ്ഞിരുന്നു. അദ്ദേഹം ഉറങ്ങുവാനായി ശ്രമിക്കുകയാണെന്നു തോന്നിയ നേരത്ത് പെട്ടെന്നു അദ്ദേഹം പറഞ്ഞു, "ദാറ്റ്സ് ഓൾ." മാസ്റ്റർ വിശദീകരിച്ചു, " ഞാൻ ഒരു സിറ്റിംഗ് കൊടുക്കുകയായിരുന്നു." അദ്ദേഹം തന്റെ അനാരോഗ്യം വകവയ്ക്കാതെ ജോലി തുടർന്നുകൊണ്ടേയിരുന്നു.

**ഡിസംബർ 10, ബുധനാഴ്ച**

സഹോദരൻ കൃഷ്ണ മാസ്റ്ററെക്കുറിച്ചു ആകുലചിത്തനാവുകയും കോട്ടേജിൽ തങ്ങുവാൻ തീരുമാനിക്കുകയും ചെയ്തു. കുറച്ചു ദിവസങ്ങൾക്കു ശേഷം മാസ്റ്റർ സുഖം പ്രാപിച്ചതായി കാണപ്പെടുകയും അദ്ദേഹം തന്റെ ഗോൾഫ് കാർട്ടിൽ പുറത്തിറങ്ങുവാൻ കൂടി പരിപാടിയിടുകയും ചെയ്തിരുന്നു.. എങ്കിലും അതിനടുത്ത ദിവസം തന്നെ അദ്ദേഹത്തിനു സുഖമില്ലാതായി.

**വിനോദം**

സാധാരണ വൈകുന്നേരങ്ങളിൽ കാണാറുള്ള ചലച്ചിത്രം കൂടാതെ, മാസ്റ്റർ വിവിധ ടിവി പരമ്പരകൾ കാണുന്നതു തുടർന്നുകൊണ്ടിരുന്നു. "ബുദ്ധ" സീരിയലിന്റെ അവസാന അദ്ധ്യായത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന ദിവസങ്ങളും, ഭക്ഷണത്തിൽ വിഷമുണ്ടെന്നറിഞ്ഞിട്ടും എങ്ങനെ അദ്ദേഹം ആ ഭക്ഷണം കഴിച്ചു എന്നും കാണിക്കുകയുണ്ടായി. ആരോ മാസ്റ്ററോടു പറഞ്ഞു," ഇതേ കാര്യം അങ്ങേക്കും പണ്ടു സംഭവിച്ചുവല്ലോ. അങ്ങേക്കറിയുമായിരുന്നു, പക്ഷെ അങ്ങതു കഴിച്ചു. എന്തിനാണു ഇങ്ങനെ ചെയ്യുന്നതു എന്നു ചോദിച്ചതിനു മാസ്റ്റർ മറുപടി പറഞ്ഞു, "അത് അങ്ങനെയാണ്."

**നിങ്ങളുടെ ജോലി കൃത്യമായി ചെയ്യുക:**

ഒരു ദിവസം, ഒരു സഹോദരി കോട്ടേജിലേക്കു വന്നിട്ടു പറഞ്ഞു, " മാസ്റ്റർ അങ്ങു ധാരാളം യാതനകൾ അനുഭവിക്കുന്നുണ്ട്, എന്നെ അങ്ങയുടെ വേദന പങ്കിടാൻ അനുവദിക്കണം." മാസ്റ്റർ സ്നേഹം തുളുമ്പുന്ന മൃദുമന്ദഹാസത്തോടെ മറുപടി പറഞ്ഞു, "അതു നിഷേധിക്കപ്പെട്ടിരിക്കുന്നു, അതിനായി അപേക്ഷിക്കേണ്ടതില്ല. നിങ്ങൾക്കു വാസ്തവത്തിൽ എനിക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ, നിങ്ങളുടെ ജോലി കൃത്യമായി ചെയ്യുക, അതാണു നിങ്ങൾക്കു ചെയ്യുവാൻ പറ്റിയ ഏറ്റവും നല്ല കാര്യം."

**മാസ്റ്ററിൽ നിന്നുള്ള സന്ദേശം:**

തിങ്കളാഴ്ച, ഡിസംബർ 15 നു റഷ്യൻ സെമിനാർ തുടങ്ങി. അവർക്കു വേണ്ടി മാസ്റ്റർ തന്റെ കിടക്കയിൽ നിന്നും താഴെ പറയുന്ന സന്ദേശം റെക്കോർഡ് ചെയ്യുകയും അതു ധ്യാനമന്ദിരത്തിൽ കാണിക്കുകയും ചെയ്തു. "പ്രിയ സഹോദരീ സഹോദരരേ, എനിക്കു നിങ്ങളുടെ കൂടെ ഉണ്ടാവാൻ പറ്റാത്തതിൽ അതിയായ ഖേദമുണ്ട്, പക്ഷെ നിങ്ങളുടെ ആത്മാവിൽ ഞാനുണ്ട്, അതു നിങ്ങൾക്കു അനുഭവിക്കാനാവുന്നുണ്ട് എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇവിടെയായാലും റഷ്യയിലായാലും വേറെ ഏതു രാജ്യത്തിലായാലും, അതു എവിടെയുമായിക്കൊള്ളട്ടെ, ഞാൻ നിങ്ങളോടൊപ്പം സദാ സമയവും ഉണ്ടെന്നു ഞാൻ പറയുമ്പോൾ ദയവു ചെയ്തു എന്നെ വിശ്വസിക്കൂ. ദൂരം ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ല – ഒരു വ്യത്യാസവും ഇല്ല. ഞാൻ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും നിങ്ങൾക്കു നല്ലതു വരട്ടെ എന്നു ആശം സിക്കുകയും ചെയ്യുന്നു. നിങ്ങൾക്കു നല്ലതു വരട്ടെ."

**അവസാനം പുറത്തേക്കു വന്നത്:**

അമേരിക്കയിൽ നിന്നും മാസ്റ്റർക്കു വേണ്ടി ഒരു പ്രത്യേക ഉപകരണത്തിന്റെ സഹായത്താൽ അദ്ദേഹത്തെ കട്ടിലിൽ നിന്നും വീൽചെയറിലേക്കു മാറ്റുവാനും അദ്ദേഹത്തിനു അവസാനമായി കോട്ടേജിനു പുറത്തേക്കു പോകുവാനും സാധിച്ചു. പ്രാതലും പത്ര വായനയും കഴിഞ്ഞു മാസ്റ്റർ ഒരു പുസ്തകം വായിക്കുവാൻ ആവശ്യപ്പെടുകയും കണ്ണടച്ച് അതു കേട്ടിരിക്കുകയും ചെയ്തു.

മാസ്റ്റർ എല്ലായ്പ്പോഴും ഉത്സുകനായ ഒരു വായനക്കാരനായി രുന്നു, ആ ഔത്സുക്യം അദ്ദേഹത്തിന്റെ അവസാനം വരെ ഉണ്ടായിരുന്നു. ദിവസവുമുള്ള പത്ര വായന കൂടാതെ, അദ്ദേഹ ത്തിനു ഉറക്കം വരാതിരിക്കുമ്പോൾ ഒരു പുസ്തകം വായിച്ചു കേൾക്കുവാൻ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹം വളരെ ശ്രദ്ധിച്ചു അതു കേൾക്കുകയും, വായിച്ചു കേൾപ്പിക്കുന്ന വരുടെ ഉച്ചാരണം തിരുത്തുകയും ചെയ്യുമായിരുന്നു! കുറച്ചു കഴിയുമ്പോൾ അദ്ദേഹം ഉറക്കത്തിലേക്കു വഴുതി വീണിരിക്കും.

**അവസാനത്തെ രണ്ട് ദിവസങ്ങൾ:**

ഡിസംബർ 18 മുതൽ മാസ്റ്റർക്കു ഒട്ടും സുഖമില്ലാതാവുകയും അധിക സമയവും ഉറങ്ങുകയുമായിരുന്നു. 20–ാം തിയ്യതി ഉച്ച ക്കുശേഷം മാസ്റ്ററുടെ സ്ഥിതി വിഷമത്തിലാവുകയും അദ്ദേഹ ത്തിനു ശ്വാസോച്ഛ്വാസം ചെയ്യുവാൻ ബുദ്ധിമുട്ടനു ഭവപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തുവാൻ ഡോക്ടർമാരുടെ മികച്ച പരിശ്രമങ്ങളുണ്ടായിട്ടും, മഹനീയമായ ഒരു യുഗത്തിനു അന്ത്യം കുറിച്ചുകൊണ്ട് 9.45നു അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.



## അഖിലേന്ത്യാ യൂത്ത് സെമിനാർ

**2014 നവംബർ 25 മുതൽ 29 വരെ**

ഇന്ത്യയിലെ പല ഭാഗത്തു നിന്നും വന്ന ഏകദേശം 260 ഓളം പേർ പങ്കെടുത്ത സെമിനാറിന്റെ വിഷയം 'പരിശുദ്ധിയാൽ നെയ്യെടുക്കുന്ന വിധി' എന്നതായിരുന്നു. സെമിനാറിനു രണ്ടു മാസം മുൻപ് തന്നെ പങ്കാളികളെ ചിട്ടയായ തയ്യാറെടുപ്പിനു വിധേയമാക്കിയിരുന്നു.

കമലേഷ് ഭായ് നടത്തുന്ന 6.30നുള്ള സത്സംഗത്തോടെയാണു സെമിനാർ ദിവസങ്ങൾ ആരംഭിച്ചത്. തുടർന്ന് 9 മണിക്ക് പ്രഭാഷണവും ഉണ്ടായിരുന്നു. ദിവസം മുഴുവൻ പ്രഭാഷണങ്ങളുടെയും ആത്മാവലോകനത്തിന്റെയും നിശ്ശബ്ദമുഹൂർത്തങ്ങളുടെയും കൂട്ടായചർച്ചകളുടെയും സേവന പ്രവർത്തനത്തിന്റെയും നല്ലൊരു മിശ്രണമാണുണ്ടായത്.

കമലേഷ് ഭായിയുടെ പ്രഭാഷണങ്ങളിലെ പ്രധാനപ്പെട്ട ചില ആശയങ്ങൾ താഴെ കൊടുക്കുന്നു .

- യുവാക്കൾ തീർച്ചയായും വായിച്ചിരിക്കണമെന്നു അദ്ദേഹം ശുപാർശ ചെയ്യുന്ന പുസ്തകങ്ങൾ *സഹജമാർഗ്ഗത്തിന്റെ വെളിച്ചത്തിൽ രാജയോഗയുടെ ഫലസിദ്ധി, അനന്തതയിലേക്ക്* എന്നിവയാണ്.
- സംവേദനക്ഷമതയെപ്പറ്റി വിശദീകരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു "നമ്മുടെ ബോധം ഇരമ്പുന്ന സമുദ്രം പോലെയാണെങ്കിൽ ഒന്നും ഗ്രഹിക്കാൻ കഴിയില്ല, ഒരു വലിയ കല്ല് അതിൽ വീണാൽ പോലും അറിയില്ല. മറിച്ച് ശാന്തമായ ഒരു തടാകം പോലെ ഒരില വീണാൽ പോലും ഓളങ്ങളുണ്ടാകണം.
- നേരത്തെ ഉറങ്ങി നേരത്തെ എഴുന്നേൽക്കുന്ന വിധത്തിൽ നമ്മുടെ ഉറക്കചക്രം മാറ്റേണ്ട കാര്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. പരിപൂർണ്ണ പരിവർത്തനത്തിനു ഈ ചെറിയ മാറ്റം അനിവാര്യമാണെന്ന് അദ്ദേഹം ആവർത്തിച്ചു.
- ചെറിയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ആത്യന്തികമായ ലക്ഷ്യം ദൃഷ്ടിപഥത്തിൽ വെക്കാൻ അദ്ദേഹം നിർദ്ദേശിച്ചു.

നല്ല പങ്കാളിത്തമുള്ള ചോദ്യോത്തര വേളയിലും അദ്ദേഹം പങ്കെടുത്തു. വിസ്പേർസിൽ നിന്നു പരിശുദ്ധിയെക്കുറിച്ചുള്ള സന്ദേശങ്ങൾ പങ്കാളികൾക്ക് നൽകുന്ന വിസ്പേർസ് വേളകൾ എല്ലാ ദിവസവും ഉണ്ടായിരുന്നു. മദ്ധ്യാഹ്നങ്ങളിൽ ഹൃദയമുപയോഗിച്ചുള്ള ആശയവിനിമയത്തെപ്പറ്റിയും (എലിസബത്ത് ഡെൻലി) സഹജമാർഗ ജീവിതരീതിയെപ്പറ്റിയും (പുനിത് ലാൽഭായ്) ദശസൂക്തങ്ങളെപ്പറ്റിയും (റിഷി രഞ്ജൻ) പരിപാടികൾ ഉണ്ടായിരുന്നു. സഹോദരൻ എസ്. പ്രകാശ് നടത്തിയ ടീം ബിൽഡിംഗ് പ്രവർത്തനം വിനോദത്തിനുള്ള വേളകളും ഒന്നിച്ച് ജോലി ചെയ്യുന്നതിന്റെ പാഠങ്ങളും നൽകി. മാസ്റ്റർ അദ്ദേഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുക്കാതെ കുറച്ചുസമയം പങ്കാളികളുടെ കൂടെ ചെലവഴിക്കുകയും അവരിലൊരാൾ വായിച്ച സാക്സോഫോൺ കേൾക്കുകയും ചെയ്തു. സെമിനാർ അവസാനിച്ചപ്പോൾ, എല്ലാവരും യഥാർത്ഥ ഗൃഹം ഏതെന്ന് തിരിച്ചറിഞ്ഞ ശേഷം അവിടെ നിന്നും വിട പറഞ്ഞതു സന്തോഷവും വിരഹത്തിന്റെ വേദനയും ഇടകലർന്ന വികാരത്തോടെയാണ്.

## പ്രിഫക്റ്റുകളെ തയ്യാറാക്കുന്ന ആറാമത്തെ ബാച്ച്.

**നവംബർ 28 മുതൽ ഡിസംബർ 7 വരെ**

രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നുമായി 39 പ്രിഫക്റ്റ് അപേക്ഷകർ ശിൽപ്പശാലയിൽ പങ്കെടുത്തു. കാര്യമായ തിരക്കുണ്ടായിട്ടുകൂടി കമലേഷ് ഭായ് പങ്കാളികളുടെ കൂടെ സമയം ചെലവഴിക്കുകയും രണ്ട് പ്രഭാഷണങ്ങൾ നൽകുകയും ചെയ്തു. സ്നേഹത്തോടെയും വിനയത്തോടെയും സേവനം ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. യുവാക്കളെയും വടക്ക് കിഴക്കൻ പ്രതിനിധികളെയും അഭിസംബോധന ചെയ്യുന്ന കമലേഷ് ഭായുടെ പരിപാടിയിൽ പങ്കെടുക്കാൻ അവരെയും ക്ഷണിച്ചു. മാസ്റ്ററുടെ ഉപകരണമായി അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ പങ്കാളികളാവാൻ ഉതകുന്ന രീതിയിൽ പ്രിഫെക്റ്റുകൾ സാധനയിലും സ്വഭാവരൂപീകരണത്തിലും ഊന്നി ഗാഢമായ അഭ്യാസികളാവുന്നതായിരുന്നു പ്രതിപാദ്യം. പരിപാടി അവസാനിച്ചത് ആത്മീയ സാധകനുണ്ടാകേണ്ട അത്യാവശ്യ വശങ്ങളെപ്പറ്റിയുള്ള പുനരാലോചനയോടെയും താൻ പ്രതിനിധീകരിക്കുന്ന സെൻററിലേക്ക് കൊണ്ടുപോകേണ്ട പ്രധാന പാഠങ്ങളെക്കുറിച്ചുള്ള പര്യാലോചനയിലൂടെയുമാണ്.



## ഔദ്യോഗിക സന്ദർശനം

**ജോയിൻറ് സെക്രട്ടറിയുടെ പടിഞ്ഞാറൻ തമിഴ്നാട് സന്ദർശനം (സോൺ-2സി)**

പൊതുസദസ്സുകൾ, അഭ്യാസികളുടെ വീടുകൾ, ഗൃഹസദസ്സുകൾ, പ്രിഫെക്റ്റുകളുമായി കൂടിക്കാഴ്ച, ഏറ്റവും കൂടുതൽ സമയം അഭ്യാസികളുമായി സമ്പർക്കം പുലർത്തുന്നതിനായി ഉപയോഗിക്കുക എന്നതൊക്കെ യായിരുന്നു ഈ യാത്രയുടെ ഉദ്ദേശ്യം. സോണൽ ഇൻ ചാർജ് സഹോദരൻ വിശ്വനാഥ റാവുവാണ് ഈ യാത്ര സംഘടിപ്പിച്ചത്.

കോട്ടഗിരിയിൽ നിന്നു 10 കി.മി. അകലെ സ്ഥിതിചെയ്യുന്ന കഗ്ഗുച്ചിയിലുള്ള ഗിരീശ്വര മെട്രിക്യുലേഷൻ സ്കൂളിൽ നവംബർ 8-ന് സഹോദരർ എ.പി.ദുരൈയും എം.എം. ധനുമൂർത്തിയും നടത്തിയ പൊതുസദസ്സിൽ 12 പേർ ധ്യാനം ആരംഭിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഉച്ചയ്ക്ക്, ഡിഎസ്എസ്സി വെല്ലിംഗ്ടണിൽ സംഘടിപ്പിച്ച ഗൃഹസദസ്സിനെത്തുടർന്ന് അറുവൻകാട് സെൻററിൽ നടത്തിയ പൊതുസദസ്സിൽ 12 ആധ്യാത്മിക കാംക്ഷിക ളുൾപ്പെടെ 26 പേരുണ്ടായിരുന്നു.

9-ന്, 26 പേർ ഊട്ടിയിൽ നടത്തിയ മുഴുദിന പരിപാടിയിൽ പങ്കെടുത്തു. ആധ്യാത്മികതയിൽ സാധനയെക്കുറിച്ചുള്ള ശരിയായധാരണയും ലക്ഷ്യപ്രാപ്തിക്കായുള്ള നിരന്തര പ്രയത്നത്തിൻെറയും ആവശ്യകത സഹോദരൻ ദുരൈ വിവരിച്ചു. തുടർന്ന് പ്രകൃതിരമണീയമായ തങ്ങാട് ഗ്രാമത്തിലെ ഒരു സഹോദരൻെറ ഗൃഹത്തിൽ അവർ നടത്തിയ പരിപാടിയിൽ 9 പേർ പങ്കെടുത്തു. നിത്യേനയുള്ള സാധനയുടെയും സത്സംഗങ്ങളുടെയും പ്രാധാന്യം അവർക്ക് വിവരിച്ചു കൊടുത്തു.

ഊട്ടിയിൽ 10-ാം തീയതി രാവിലെ നടത്തിയ പൊതുസദസ്സിൽ 15 കാംക്ഷികളും നേരത്തെ അഭ്യാസിയായശേഷം സാധന നിർത്തിയ ഏതാനും ചിലരും പങ്കെടുത്തു. സാധനയുടെ വിവിധ വശങ്ങൾ വിശദീകരിച്ചശേഷം സഹോദരൻ ദുരൈ അവരോട് അഭ്യാസികളായി തുടരാൻ അഭ്യർത്ഥിച്ചു. കോട്ടഗിരിയിലെ വിശ്വശാന്തി ഹയർ സെക്കൻഡറി സ്കൂളിലെ 35 അധ്യാപകരെ ഉച്ചയ്ക്ക് അദ്ദേഹം അഭിസംബോധന ചെയ്തു. ശരീരത്താൽ ബന്ധിതമായ ആത്മാവിനെ സംസ്കാരകൾ എങ്ങനെ തളർത്തുന്നുവെന്നും എങ്ങനെ ഒരു ഗുരുവിന് അവ അകറ്റി ആത്മീയസാഫല്യം കാംക്ഷിക്കുന്നവനെ മുന്നോട്ടു നയിക്കാനാകുമെന്നും അദ്ദേഹം സ്വാമി വിവേകാനന്ദനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു.

വൈകുന്നേരം 5:30-ക്ക് കോയമ്പത്തൂരിൽ എത്തിച്ചേർന്ന സഹോദരൻ ദുരൈ 15 കോർഡിനേറ്റർമാരുമായി ചർച്ച നടത്തി. സെൻററിൽ നടന്നുവരുന്ന പ്രവൃത്തികൾ, സബ്സെൻററുകളുടെ പുരോഗമനം, ഞായറാഴ്ചത്തെ സത്സംഗത്തിനായുള്ള സ്ഥലം എന്നിവ ഈ ചർച്ചയിൽ വിലയിരുത്തപ്പെട്ടു.

11-ാം തീയതി, കോയമ്പത്തൂർ സെൻററിലെ പ്രിഫെക്റ്റുക ളുമായി രണ്ട് മണിക്കൂർ നീണ്ടുനിന്ന കൂടിക്കാഴ്ച നടത്തി. സഹോദരൻ വിശ്വനാഥറാവു ഈയവസരത്തിൽ യാത്രയിൽ പങ്കുചേർന്നു. സഹോദരൻ ദുരൈയും സംഘവും രാമനാഥപുരത്തുള്ള യെല്ലൊ ട്രെയിൻ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് 30-ഓളം വരുന്ന രക്ഷിതാക്കളുടെ സംഘത്തെ സഹജമാർഗ്ഗ ധ്യാനത്തെപ്പറ്റി അഭിസംബോധന ചെയ്യുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. സായാഹ്നത്തിൽ അവർ പെരിയനായ്ക്കൻപാളയത്തുള്ള ഒരു സഹോദരൻെറ ഗൃഹത്തിൽവച്ച് ഏതാനും അതിഥികളുമായും സാധന തുടരാതിരുന്ന ഏതാനും ചില അഭ്യാസികളെയും സഹജമാർഗ്ഗത്തെക്കുറിച്ച് വിശദീകരിച്ചു കൊടുത്തു. മെട്ടുപാ ളയത്തിൽ സഹോദരൻ ദുരൈ അവിടെ സന്നിഹിതരായിരുന്ന 10 അതിഥികളുമായി സഹജമാർഗ്ഗത്തെക്കുറിച്ച് സം സാരിക്കുകയും അഭ്യാസികളുമായി ഇടപഴകുകയും ചെയ്തു.

12-ാം തീയതി അവർ കരുമാത്തമ്പട്ടിയിലേക്ക് തിരിച്ചു. അർദ്ധദിന പരിപാടിയിൽ ഒരു പൊതുസദസ്സും, അഭ്യാസിക ളുമൊത്തുള്ള ചർച്ചയും തുടർന്ന് സത്സംഗവും ഉച്ചയൂണും എല്ലാം ഉണ്ടായിരുന്നു. ഉച്ചയ്ക്ക് സരവണംപട്ടിയിൽ 10 അഭ്യാസികൾക്കായി ഒരു സത്സംഗം നടത്തി. മിഷൻ ലൈബ്രറി നടത്തുന്ന കൊയമ്പത്തൂരിലെ ആർഎസ്പുരം ഹാ ളിൽ 170 അഭ്യാസികളുമായി അവർ ചർച്ചചെയ്യുകയും സത്സംഗം നടത്തുകയും ചെയ്തു.

അഭ്യാസികളുടെ പ്രഭാഷണവും, ചോദ്യോത്തരം, സം ശയനിവാരണം, എന്നിവയടങ്ങിയ ഒരു പരിപാടി 13-ാം തീയതി 120 അഭ്യാസികൾക്കായി ഗോപിചെട്ടിപാ ളയത്തുനടത്തി. ഈറോഡ്, ഭവാനി, പെരുൻദുരൈ, ഗോപിചെട്ടിപാളയം എന്നീ സ്ഥലങ്ങളിൽ നിന്നുള്ള 120 അഭ്യാസികൾ ഈറോഡ് ആശ്രമത്തിലെ പരിപാടിയിൽ പങ്കെടുത്തു. നാമക്കൽ, രസിപുരം കുമാരപാളയം എന്നീ സ്ഥലങ്ങളിൽ നിന്നുമുള്ള 120 അഭ്യാസികൾ 14-ന് ത്രിചെങ്ങോട് സെൻററിൽ ഒത്തുചേർന്നിരുന്നു. വൈകുന്നേരം ഈറോഡ് അഭ്യാസികളുമൊത്ത്(160) ഒരു സഹോദരൻെറ വീട്ടിൽ രണ്ടു മണിക്കൂർ നീണ്ടുനിന്ന ഒരു സെഷൻ സം ഘടിപ്പിച്ചു.

ചെട്ടിപാളയം ആശ്രമത്തിൽ 15-ന് രാവിലെ ഒരു പ്രിഫെക്റ്റ് മീറ്റിംഗ് (15) സംഘടിപ്പിച്ചു. നിഫ്റ്റ് ടീ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉച്ചയ്ക്ക് നടത്തിയ പൊതുസദസ്സിൽ 60 വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു.

തിരുപ്പൂരിലെയും സമീപ പ്രദേശങ്ങളിലെയും അഭ്യാസികൾക്കായി ഡി.ജെ.പാർക്കിൽ 16-ന് ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചു. രാവിലത്തെ സത്സംഗത്തിൽ 1050 അഭ്യാസികൾ പങ്കെടുത്തു. പ്രാതലിനുശേഷം അഭ്യസിക ളുമായി ചർച്ചയും, തിരഞ്ഞെടുത്ത വിഷയത്തിനെക്കുറിച്ച് സംസാരിക്കലും, ചോദ്യോത്തരവേളയും ഉണ്ടായിരുന്നു.



ശ്രീ രാം ചന്ദ്ര മിഷൻ

എക്കോസ് ഇന്ത്യ വാർത്താപത്രിക

## ക്രെസ്റ്റ് ഡയറക്റ്ററുടെ യാത്ര

**പൻവേൽ ആശ്രമം, മുംബൈ**

ക്രെസ്റ്റ് ഡയറക്റ്റർ സഹോദരൻ മോഹൻദാസ് ഹെഗ്ഡെ, നവമ്പർ 9–ന് പൻവേൽ ആശ്രമം സന്ദർശിച്ചു. ദിവസേന നടത്തേണ്ട പരിശീലനത്തിൻെറ ആവശ്യകതയെപ്പറ്റി അദ്ദേഹം അഭ്യാസികളോട് വിശദീകരിച്ചു. പത്തു പ്രമാണങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കികൊണ്ട് സഹജമാർഗം രാത്രിയും പകലും ജീവിതവൃത്തിയാക്കേണ്ടതിൻെറ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. ലാലാജിയുടേയും ബാബുജിയുടേയും ചില അദ്ധ്യാപനങ്ങൾ അദ്ദേഹം അഭ്യാസികളെ ഓർമ്മിപ്പിച്ചു.

**തിരുപ്പൂർ**

സഹോദരൻ മോഹൻദാസ് ഹെഗ്ഡെ നവമ്പർ 28ന് തിരുപ്പൂരിൽ എത്തിച്ചേർന്നു. 'തൻെറ അവസ്ഥ സ്വയം വിലയിരുത്തുക' എന്ന വിഷയത്തെ ആസ്പദമാക്കി പ്രിഫക്റ്റുകൾക്കായി ഡി.ജെ.പാർക്കിൽ ഒരു പരിപാടി നടത്തി. പ്രിഫക്റ്റുമാരോട് പത്തു മിനിറ്റ് ധ്യാനിച്ച് ധ്യാനസമയത്ത് എന്താണ് അനുഭവപ്പെട്ടതെന്ന് അവരവരുടെ ഡയറിയിൽ കുറിക്കുവാൻ ആവശ്യപ്പെട്ടു. ക്രെസ്റ്റിൽ നടന്നു വരുന്ന വിവിധ പ്രവർത്തികളെപ്പറ്റി അദ്ദേഹം ചുരുക്കത്തിൽ വിവരിച്ചു. ധ്യാനസമയത്ത് നടത്തേണ്ട മൂന്നു വിധത്തിലുള്ള നിരീക്ഷണങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു – സ്ഥാനം, അവസ്ഥ, അനുഭവവും സമീപനവും.

നവമ്പർ 29–ന് തിരുപ്പൂരിൽനിന്നും അടുത്തുള്ള സെൻററുകളിൽനിന്നുമുള്ള 140 യുവാക്കൾക്കായി 'സഹജ മാർഗത്തിലെ യോദ്ധാക്കൾ' എന്ന വിഷയത്തെ അധികരിച്ച് ഒരു ദ്വിദിന



പരിപാടി നടത്തി. 4.30–ന് ഉണർന്ന്, ധ്യാനം, നടത്തവും വ്യായാമവും, 7.30–ന് സത്സംഗം തുടങ്ങിയവ ആയിരുന്നു പ്രഭാത പരിപാടികൾ. പ്രഭാത ഭക്ഷണത്തിനുശേഷം 'ഒരു സന്നദ്ധസേവകനു വേണ്ട മൂല്യങ്ങൾ', 'സന്നദ്ധ സേവകൻെറ ധർമ്മം', 'യുവത്വത്തിൻെറ ഉത്സാഹം നിലനിർത്തുക', തുടങ്ങിയ വിഷയങ്ങളെപ്പറ്റി അവതരണം നടത്തി. ഉച്ചക്കുശേഷം, മേൽ പറഞ്ഞ വിഷയങ്ങളെപ്പറ്റി ചർച്ച നടത്തി. വൈകുന്നേരം ഒരു ചലച്ചിത്രം പ്രദർശിപ്പിച്ചു. രാത്രി 9.30–ന് ഒരു അനൗദ്യോഗിക ചർച്ചയോടെ അന്നത്തെ പരിപാടി അവസാനിച്ചു.

രണ്ടാം ദിവസം 'പരിശീലനത്തിൻെറ സൂക്ഷ്മവശങ്ങൾ', 'പത്തു പ്രമാണങ്ങൾ – എൻെറ കാഴ്ചപ്പാട്','സഹജ മാർഗ ജീവിത രീതി', തുടങ്ങിയ വിഷയങ്ങളെക്കുറിച്ചായിരുന്നു ചർച്ച നടത്തിയത്. ഉച്ച തിരിഞ്ഞ് ഒരു ചലച്ചിത്രം അവതരിപ്പിച്ചു. വൈകീട്ട് 6 മണിക്ക് പരിപാടി അവസാനിച്ചു. യുവാക്കളെല്ലാം സന്തുഷ്ടരായിരുന്നു, അവരെല്ലാം സഹജമാർഗ യോദ്ധാക്കളാകാമെന്ന് തീരുമാനമെടുത്തു.

## അഭ്യാസികളുടെ മണപ്പാക്കം സന്ദർശനം

ഡിസമ്പർ 10–12 തിയതികളിൽ നടത്തിയ മൂന്നു ദിവസത്തെ സെമിനാറിൽ പങ്കെടുക്കാൻ ഹൽദ്വാനി, ഷോലാപൂർ, കോലാപ്പൂർ സെൻററുകളിൽ നിന്നുള്ള 323 അഭ്യാസികൾ മണപ്പാക്കം ആശ്രമത്തിലെത്തി. ആ ദിവസങ്ങളിൽ, മാസ്റ്ററുടെ അദ്ധ്യാപനങ്ങളുടെ വിശദീകരണം, മൂന്നു 'എം'കൾ, ചോദ്യോത്തരങ്ങൾ എന്നിവയായിരുന്നു പരിപാടികൾ. പ്രിഫക്റ്റുകൾക്കായി ഒരു യോഗവുമുണ്ടായി.



## പുതിയ പ്രസിദ്ധീകരണങ്ങൾ




ഹൃദയവാണി 2001 ഇംഗ്ലീഷ്




സഹജമാർഗ തത്വസംഹിതകൾ – വാല്യം 16 (സ്നേഹമെന്ന സമ്മാനം) ഇംഗ്ലീഷ്



ഹൃദയവാണി 2011 തെലുങ്ക്

## പുതിയ നിയമനങ്ങൾ

**ക്യാപ്റ്റൻ വിനീത് റണാവത്ത്**

ജോയൻറ് സെക്രട്ടറി & വർക്കിംഗ് കമ്മറ്റി അംഗം

**ശ്രീകുമാർ കേശവൻ**

സെൻറർ ഇൻ ചാർജ്ജ്, ആലുവ

**രവീന്ദ്ര കുമാർ സിൻഹ**

ഷാജഹാൻപൂർ ആശ്രമം മാനേജർ

## യു-കണക്റ്റ് പരിപാടികൾ

### ഫാക്കൽറ്റി പരിശീലനം, വാർദ്ധ, മഹാരാഷ്ട്ര




നവമ്പർ 29,30 തിയതികളിൽ വാർദ്ധ ആശ്രമത്തിൽ വെച്ച് ആ മേലയിലെ അഭ്യാസികൾക്കായി യു-കണക്റ്റ് ഫാക്കൾട്ടി പരിശീലനത്തിനായി ഒരു പരിപാടി നടത്തി. വാർദ്ധ, ചന്ദ്രാപൂർ, നാഗ്പൂർ, യവാത്മൽ, ഭണ്ഡാര തുടങ്ങിയ സെൻററുകളിലെ അഭ്യാസികൾ ഇതിൽ പങ്കെടുത്തു. പരിശീലനം സിദ്ധിച്ച ആറു പേർ ഹിന്ദിയിലും മറാഠിയിലുമായി ഈ പരിപാടി നടത്തി. വിവിധ മാനുഷിക മൂല്യങ്ങൾ വിശദീകരിക്കുവാനും പകരാനുമായി കളികളും വിവിധ പ്രവർത്തനങ്ങളും നടത്തി.

### ജയ്പൂർ രാജസ്ഥാൻ

യു-കണക്റ്റിൻെറ ആഭിമുഖ്യത്തിൽ നടത്തിയ ആദ്യത്തെ ആത്മ വികസന പരിപാടി (എസ്ഡിപി)യിൽ പങ്കെടുത്തവരെ അഭിനന്ദിക്കുവാനായി നവമ്പർ 16-ന് ഞായറാഴ്ച സോണൽ ആശ്രമത്തിൽ വെച്ച് ഒരു പരിപാടി നടത്തി. 'ആർച്ച് പോയൻറ് കൺസൾട്ടൻറ് പ്രൈ. ലിമിറ്റഡ്'ൽ നിന്നുള്ള ആറു പഠിതാക്കളെ ആദരിച്ചു. യു-കണക്റ്റിനെക്കുറിച്ച് ഉള്ള മിഷൻെറ പ്രസ്താവനയോടെ പരിപാടി ആരംഭിച്ചു. 2014 ജൂലൈ 19 നു അവസാനിക്കുന്ന ഈ പരിപാടി 16 ആഴ്ച നീണ്ടതായിരുന്നു. വിവിധ രീതിയിൽ 17 സ്വയം സേവകർ സഹായിച്ചു.

ഈ പഠിതാക്കളിൽ രണ്ടു പേർ സഹജമാർഗ പരിശീലനം തുടങ്ങി. യു-കണക്റ്റിൻെറ ഭാവി പരിപാടികളിൽ പങ്കെടുക്കുവാൻ അഭ്യാസികളെ സഹോദരൻ സന്ദീപ് നയ്യാർ (കോ-ഓർഡിനേറ്റർ, സോൺ 7) ക്ഷണിച്ചു. പങ്കെടുത്തവർ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കു വെക്കുകയും തങ്ങൾക്ക് ആന്തരികമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ നിരീക്ഷിക്കുകയും ഒരു സന്തുലിത ജീവിതം നയിക്കുന്നതിന് ആവശ്യമായ കഴിവുകൾ നേടിയത് ശ്രദ്ധിക്കുകയും ചെയ്തു. നവമ്പർ 29 ന് രണ്ടാമത്തെ എസ്ഡിപി ജയ്പൂരിൽ തുടങ്ങി.



### ചണ്ഡിഗർ, പഞ്ചാബ്

നവമ്പർ 22-ാം തിയതി, പഞ്ചാബ് യൂണിവേർസിറ്റിയിൽ, പന്ത്രണ്ട് ആഴ്ച നീണ്ട എസ്ഡിപി സർട്ടിഫിക്കറ്റ് പ്രോഗ്രാമിൻെറ ഉദ്ഘാടന ചടങ്ങ് നടത്തി. തൻെറ ഉദ്ഘാടന പ്രസംഗത്തിൽ, വൈസ് ചാൻസ്‌ലർ പ്രൊഫസർ ഗ്രോവർ ഈ ചടങ്ങിൻെറ ഭാഗമാകാൻ സാധിച്ചതിൽ സന്തോഷം രേ ഖപ്പെടുത്തുകയും, ആത്മാവലോകനത്തിന് ഇതെത്രത്തോളം തന്നെ പ്രേരിപ്പിച്ചുവെന്നും അദ്ദേഹം വിശദീകരിച്ചു. ഈ പരിപാടിയോടുള്ള അദ്ദേഹത്തിൻെറ മതിപ്പ് രേഖപ്പെടുത്തിയതിനോടൊപ്പം, ചുരുങ്ങിയത് 3000 വിദ്യാർത്ഥികൾക്കെങ്കിലും പ്രയോജനപ്പെടുമാറ് കൂടുതൽ തട്ടുകളിലേക്ക് വ്യാപിപ്പിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വ്യക്തി വികാസമാണ് ഈ കാലഘട്ടത്തിൻെറ ആവശ്യമെന്നും, അതിനാൽ എല്ലാ വിദ്യാർത്ഥികളും ഇതിൽ പങ്കാളികളാകണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഈ ചടങ്ങിൽ ധാരാളം അഭ്യാസികളും പ്രിഫക്റ്റുമാരും പങ്കെടുത്തു. മേജർ ജനറൽ(റിട്ടയേർഡ്) ഹർഭജൻ (സോണൽ-ഇൻ-ചാർജ് സോൺ-10), സഹോദരൻ ജുഗൽ കിഷോർ (യു-കണക്റ്റ് റീജണൽ കോ-ഓർഡിനേറ്റർ) തുടങ്ങിയവർ മിഷനെ പ്രതിനിധീകരിച്ചു.

### ഗ്വാളിയോർ, മദ്ധ്യപ്രദേശ്

ഗ്വാളിയോറിലെ ബി.എഡ്.കോളേജ് ഓഫ് മാധവ് ശീക്ഷാ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കായി ഒക്ടോബർ 20-ന് എസ്ഡിപി തുടങ്ങി. ഒരു ജീവിതത്തിനാവശ്യമായ മൂല്യങ്ങൾ യുവാക്കൾക്ക് പ്രദാനം ചെയ്യുക, ആദ്ധ്യാത്മിക ലക്ഷ്യം കേന്ദ്രീകരിച്ച്, ധാർമ്മികമായ ഒരു ഭൗതിക ജീവിതം നയിച്ചു കൊണ്ട് നല്ലൊരു ജനതയെ വാർത്തെടുക്കുവാൻ ആവശ്യമായ ഒരു സന്തുലിത ജീവിതം നയിക്കുവാൻ സഹായിക്കുക എന്നതാണ് ഈ പരിപാടി ലക്ഷ്യമാക്കിയത്. തിങ്കളാഴ്ചയും വ്യാഴാഴ്ചയുമാണ് ഇത് നടത്തിയിരുന്നത്. 25 ഓളം വിദ്യാർത്ഥികളും, കോളേജ് പ്രിൻസിപ്പാൾ, നാലു ഫാക്കൽറ്റി തുടങ്ങിയവർ 11-ാം തിയതി ഗ്വാളിയോർ ആശ്രമം സന്ദർശിച്ചു. 13 വിദ്യാർത്ഥികളും പ്രിൻസിപ്പാളും സഹജമാർഗ പരിശീലനം തുടങ്ങി. കോളേജിൽ തന്നെ സത്സംഗം നടത്തുവാൻ അവരെ അനുവദിച്ചിട്ടുണ്ട്.










## കുട്ടികളുടെ പരിപാടികൾ

### 'ഉഡാൻ', ഡൽഹി സോണൽ ആശ്രമം

ഏകദേശം 131 കുട്ടികൾ പങ്കെടുത്ത ഒരു മുഴുദിന പരിപാടി നവമ്പർ 2-ന് ഒരു സംഘം യുവ അഭ്യാസികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളും അവരുടെ രക്ഷിതാക്കളും 'മാസ്റ്റർ പറയുന്നു', ഓട്ടം, കരകൗശലം, പാട്ട്, ഡാൻസ് എന്നിവയിലേർപ്പെട്ടപ്പോൾ വലിയ കുട്ടികൾ ഓട്ടം, വടം വലി തുടങ്ങിയവയിൽ ഏർപ്പെട്ടു. 'അവശിഷ്ടങ്ങളിൽനിന്നും മേന്മയേറിയത്' എന്ന കളിയിൽ അവരുടെ രചനാവൈഭവം വെളിപ്പെട്ടു. ദിനാന്ത്യത്തിൽ 'നിധിവേട്ട' എന്ന കളിയിലേർപ്പെടുകയും പ്രകൃതിയോടും പരിസ്ഥിതിയോടും സ്നേഹം വളർത്തുന്നതിന് തൈകൾ സമ്മാനമായി നൽകുകയും ചെയ്തു. അവസാനം ഒരു സഹോദരൻ കുട്ടികളോട് ചിട്ടയായ ജീവിതത്തിൻെറ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു.

### മൊറാദാബാദ്, ഉത്തർ പ്രദേശ്



ഡിസമ്പർ 7ന്, 25 കുട്ടികൾ 'മാസ്റ്റർക്ക് നന്ദി' എന്ന പ്രതിപാദ്യത്തോടുകൂടിയ ഗ്രീറ്റിംഗ്കാർഡ് മത്സരത്തിൽ പങ്കെടുത്തു. മനോഹരമായ കാർഡുകൾ ഒരുക്കുന്നതിലുള്ള പരസ്പരമുള്ള സഹകരണത്തിൽ ഉത്സാഹം, കൂട്ടായ്മ, ഒത്തൊരുമ പ്രകടമായിരുന്നു. അവരുടെ ശ്രമങ്ങൾക്കുള്ള ഇഷ്ടത്തിനും അംഗീകാരത്തിനുമായി വിവിധ വിഭാഗങ്ങളിലായി സമ്മാന വിതരണം നടത്തി.

### ഗോവ

നവമ്പർ 16-ന് അഭ്യാസികളുടേയും അവരുടെ സുഹൃത്തുക്കളുടേയും കുട്ടികൾക്കായി ഒരു ചിത്രരചന, ഗ്രീറ്റിംഗ് കാർഡ് നിർമ്മാണ മത്സരം നടത്തി. ആശ്രമത്തിൽ ആസ്വദിച്ച് കളിച്ച കുട്ടികൾക്ക് ലഘുഭക്ഷണവുമുണ്ടായിരുന്നു. കുട്ടികൾക്ക് മാസ്റ്ററുടെ വീഡിയോ കാണിച്ചു കൊടുക്കുകയും ഒരു സഹോദരി മിഷൻ അതിൻെറ ലക്ഷ്യം എന്നിവ വിവരിച്ചു കൊടുത്ത് അതെങ്ങനെ കുട്ടികളെ സ്വയം വികസിക്കുന്നതിനും വൈശിഷ്ട്യത്തിലേക്ക് പുരോഗമിക്കുന്നതിനും നല്ല മനുഷ്യ ജീവിയായി മാറുന്നതിനും സഹായിക്കുമെന്ന് വിശദീകരിച്ചു.

### ബാംഗളൂർ, കർണ്ണാടക

ഒരു മുഴുദിന പരിപാടിയോടെ നവമ്പർ 23-ന് ബനശങ്കരി ആശ്രമത്തിൽ വെച്ച് യു.എൻ.സാർവ്വലൗകിക ശിശുദിനം ആചരിച്ചു. പ്രഭാത സത്സംഗ് സമയത്ത് കുട്ടികളുടെ പാട്ടിൻേറയും സ്കിറ്റിൻേറയും പരിശീലനത്താൽ ശബ്ദമുഖരിതമായിരുന്നു.

മാസ്റ്ററുടെ 'രക്ഷാകർതൃത്വം' എന്ന പ്രഭാഷണത്തിലെ പ്രസക്ത ഭാഗങ്ങളും കുട്ടികളുടെ സെൻററിലെ വിവിധ പ്രവർത്തികളെ കാണിക്കുന്ന ഒരു ലഘു വീഡിയോയും അഭ്യാസികൾക്കായി ധ്യാനത്തിനുശേഷം കാണിച്ചു. അഭ്യാസികൾക്കായി നടത്തിയ പരിപാടി അവരുടെ ബാല്യകാലസ്മരണ ഉണർത്തുന്ന തരത്തിലായിരുന്നു. അവർ കളികളിൽ ഏർപ്പെടുകയും പിന്നീട് അഭ്യാസികളെ വിവിധ സംഘങ്ങളാക്കുകയും കുട്ടികളെക്കുറിച്ചുള്ള മാസ്റ്ററുടെ സന്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ സന്ദേശങ്ങളുടെ അർത്ഥം മനസ്സിലാക്കി അതിനെ കൊളാജായോ പദ്യമായോ ചെറു നാടകമായോ അവതരിപ്പിക്കുക എന്നതായിരുന്നു അവർക്ക് നൽകിയ വെല്ലുവിളി.

6 വയസ്സിനു താഴെയുള്ള കുട്ടികൾ ഒരു ഭാവാഭിനയത്തോടു കൂടിയ പാട്ട് വളരെ സന്തോഷത്തോടെ അവതരിപ്പിച്ചു. 6 മുതൽ 9 വരെ വയസ്സ് വിഭാഗം ഒരു പാട്ടും സ്കിറ്റും അവതരിപ്പിച്ചു. അഭ്യാസികളുടെ അവതരണത്തിനുശേഷം 9 വയസ്സിന് മുകളിലുള്ള കുട്ടികൾ ഒരു പാട്ടും സ്കിറ്റും അവതരിപ്പിച്ചു. എല്ലാ രക്ഷിതാക്കളും പ്രകടനത്തിൽ ആവേശഭരിതരും സന്തോഷവാന്മാരുമായിരുന്നു.



ശ്രീ രാം ചന്ദ്ര മിഷൻ എക്കോസ് ഇന്ത്യ വാർത്താപത്രിക





## ഉത്തർ പ്രദേശ് പ്രിഫെക്റ്റ് സെമിനാർ

നവംബർ 12 മുതൽ 16 വരെ നടത്തിയ സെമിനാറിൽ യു.പി യിൽ നിന്ന് 150 പ്രിഫെക്റ്റ്മാർ പങ്കെടുത്തു. പ്രമാണം 2, 10 എന്നിവക്കനുസരിച്ച് ജീവിക്കുകയാണെങ്കിൽ അനുഭവമാകുന്ന നിസ്സാരനെന്ന മനസ്ഥിതി, നിഷ്കളങ്കത എന്നിവയുടെ അവസ്ഥയായ വിനയം ആയിരുന്നു ചർച്ചാവിഷയം.

പെരുമാറ്റശൈലി, സ്വഭാവം എന്നിവയെപ്പറ്റി ബോധവാനായി സ്വയം നിരീക്ഷിച്ച് തിരുത്തലുകൾ വരുത്തേണ്ടതിൻെറ ആവശ്യകതയെപ്പറ്റി ഈ സെമിനാറിൽ പങ്കെടുത്തവർക്കെല്ലാം സെമിനാർ അവസാനിച്ചപ്പോഴേക്കും മനസ്സിലായി. സെമിനാറിലുടനീളം മാസ്റ്റർ നിലനിർത്തിയ അവസ്ഥയായിരുന്നു ഈ സെമിനാറിൻെറ ഏറ്റവും പ്രധാന ഭാഗം. ഇതിൽ പങ്കെടുത്ത എല്ലാവർക്കും ഇതൊരു തീവ്രവും സ്വയം വിനയാന്വിതനാക്കുന്നതുമായ അനുഭവമായിരുന്നു.

## പ്രകാശലോകത്തുനിന്നുള്ള മന്ത്രണങ്ങളെപ്പറ്റിയുള്ള പരിപാടി

**ഹൈദരാബാദ്, ആന്ധ്രപ്രദേശ്**

ഡിസംബർ 5 മുതൽ 7 വരെ അന്ധ്രപദേശ്, തെലിംഗാന എന്നിവിടങ്ങളിൽ നിന്നു വന്ന 100 അഭ്യാസികൾക്കായി കാൻഹ ശാന്തിവനം ആശ്രമത്തിൽ വച്ചായിരുന്നു ഈ പരിപാടി നടത്തിയത്. ഈ മന്ത്രണങ്ങൾ വായിച്ച് അവ ദൈനംദിന പരിശീലനത്തിൻെറ ഭാഗമാക്കുന്നതിനെപ്പറ്റി ആഴ്ന്ന ബോധമുണ്ടാക്കുകയായിരുന്നു ഈ പരിപാടിയുടെ ഉദ്ദേശ്യം. സത്സംഗങ്ങളിലും മറ്റു ആദ്ധ്യാത്മിക കൂട്ടായ്മക ളിലും പങ്കെടുക്കുന്നവർ മന്ത്രണങ്ങൾ എപ്രകാരം വായിക്കണം എന്നു അവർക്ക് വിവരിച്ചു കൊടുക്കുകയുമായിരുന്നു ഇതിൻെറ ഉദ്ദേശ്യം.

മന്ത്രണങ്ങളുടെ പ്രാധാന്യം, അതിനോടുള്ള സമീപനം, മാസ്റ്റർ, സേവനം എന്നീ വിഷയങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരുന്നു. ഇംഗ്ലീഷിലും, തെലുങ്കിലും മന്ത്രണങ്ങൾ വായിച്ചു അഭ്യാസികളോട് അതിൻെറ അർത്ഥത്തിൽ ധ്യാനിക്കാൻ സമയം നൽകി. ഇതു എല്ലാ ദിവസവും ആവർത്തിച്ചു. ഇടക്കിടെ ബാബുജിയെപ്പറ്റിയുള്ള വീഡിയൊകളും, മാസ്റ്ററും കമലേഷ്ജിയും നടത്തിയ തിരഞ്ഞെടുത്ത ചില പ്രഭാഷണങ്ങളും ഉണ്ടായിരുന്നു.

കേന്ദ്രങ്ങളിൽ ഇത് എപ്രകാരം നടത്തണമെന്ന് ഈ പരിപാടി സംവിധാനം ചെയ്തവർ വിവരിച്ചു കൊടുത്തു. ഇത്തരം പരിപാടി ഈ ആശ്രമത്തിൽ വച്ച് ആദ്യമായിട്ടാണ് നടത്തിയത്. ശുഷ്കാന്തിയുള്ള സേവകർ എല്ലാ കാര്യങ്ങളും സുഗമമാക്കി നടത്തി. ഈ പ്രദേശത്തെ ശാന്തമായ അന്തരീക്ഷം ഇത്തരം പരിപാടികൾ നടത്താൻ അനുയോജ്യമായതാണെന്ന് പങ്കെടുത്തവർക്ക് അനുഭവ വേദ്യമായി.

## പത്ത് പ്രമാണങ്ങളെ അടിസ്ഥാനമാക്കി ശിൽപ്പശാല

**ഇന്തോർ, മധ്യ പ്രദേശ്**

ഡിസംബർ 12–14 തിയ്യതികളിൽ നടത്തിയ ഈ പരിപാടിയിൽ ഇന്തോറിൽ നിന്നും പ്രാന്തപ്രദേശങ്ങളിൽ നിന്നും വന്ന 41 അഭ്യാസികൾ പങ്കെടുത്തു. 12–ന സത്സം ഗത്തോടുകൂടി പരിപാടി ആരംഭിച്ചു. ഒരു സെഷനിൽ ഒരു പ്രമാണമാണ് ചർച്ച ചെയ്യപ്പെട്ടത്. ആ പ്രമാണത്തെപ്പറ്റി ബാബുജിയുടെ *10 പ്രമാണങ്ങളുടെ വ്യാഖ്യാനം* എന്ന പുസ്തകത്തിൽ വിവരിച്ച തത്വം, ആ പ്രമാണം അഭ്യാസിയെ ലക്ഷ്യത്തിലെത്തിക്കാൻ എങ്ങനെ സഹായിക്കും എന്നീ കാര്യങ്ങളാണ് ചർച്ച ചെയ്യപ്പെട്ടത്. ഓരോ പ്രമാണങ്ങളുടെ പ്രായോഗിക വശത്തെപ്പറ്റിയും അത് പ്രായോഗിക മാക്കുന്നതിലുള്ള പ്രയാസവും അതിനുള്ള പ്രതിവിധിയും ചർച്ച ചെയ്തു.

ഓരോ സെഷൻ പുരോഗമിക്കുമ്പോഴും അതിൽ പങ്കെടുത്തവർ അതിൽ കൂടുതൽ ശ്രദ്ധാലുക്കളായി കാണപ്പെട്ടു. അതിനെപ്പറ്റിയുള്ള അറിവു വർദ്ധിച്ചു. അവർക്ക് പ്രമാണം പിന്തുടരാനുള്ള താത്പ്പര്യം വർദ്ധിച്ചു. ഈ പരിപാടി നടത്താനുള്ള തയ്യാറെടുപ്പ് ഏകദേശം ഒരു മാസത്തിനു മുമ്പ് തന്നെ തുടങ്ങിയിരുന്നു. ഓരോ പ്രമാണവും അവതരിപ്പിക്കാൻ 2 അഭ്യാസികളെ ചുമതലപ്പെടുത്തിയിരുന്നു. പ്രമാണം അവതരിപ്പിച്ചതിനുശേഷം സംഘമായിരുന്നു ചർച്ചകൾ നടത്തി.





## തെലുങ്ക് പ്രസിദ്ധീകരണ ശിൽപശാല

**ഹൈദരബാദ്**

വിവിധ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി നിലവിലുള്ള സംഘങ്ങളെ വികസിപ്പിക്കുന്നതിനും പുതിയവ രൂപീകരിക്കുന്നതിനുമായി നവംബർ 29,30 തിയതികളിൽ തും കുണ്ട ആശ്രമത്തിൽ വെച്ച് 100 അഭ്യാസികൾക്കായി ഒരു ശിൽപശാല സംഘടിപ്പിച്ചു.

താഴെ പറയുന്ന സംഘങ്ങൾ ആദ്യ ദിവസം രൂപീകരിച്ചു: പുസ്തക വിവർത്തനം, സഹജമാർഗ മുഖപത്രിക, എക്കോസ് ന്യൂസ്‌ലെറ്റർ, ഉപശീർഷകം, മറ്റുള്ളവ, ഗോൾഡ് കോപി, സാങ്കേതികം, ഓഡിയോ പുസ്തകം, സേവനം, വിൽപന വർദ്ധന. ഓരോ സംഘത്തിനും ഒരു ജോടി സംഘാടകർ, വിവർത്തകർ, നിരൂപകർ, സാങ്കേതിക വിദഗ്ദ്ധർ ഉണ്ടായിരിക്കും. രണ്ടാമത്തെ ദിവസം ഓരോ സംഘവും പരസ്പരം ആശയവിനിമയം നടത്തുകയും അടുത്ത മാസത്തേക്കുള്ള പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യുകയും ചെയ്തു. ഓരോ ടീമിനും പരിശീലനവും നൽകും.

പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനായും ജോലിയോട നുബന്ധിച്ച വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും സംശയനിവാരണത്തിനും അനുഭവങ്ങൾ പങ്കുവെക്കുന്ന തിനുമായി ഒരു ഇലക്ട്രോണിക് വേദി സജ്ജീകരിച്ചു. പങ്കെടുത്ത എല്ലാവരും നല്ല ഉത്സാഹം പ്രകടിപ്പിച്ചു. അവരെല്ലാം ഈ പ്രവൃത്തിയോടുള്ള നല്ല ഗ്രാഹ്യവും ഈ ഉദ്യമത്തിൽ സജീവ പങ്കാളിയാകുവാൻ കഴിഞ്ഞതിലുള്ള ബോധത്തോടെയും മടങ്ങി.

## മേഖല സമ്മേളനങ്ങൾ

### കോലാപ്പൂർ, മഹാരാഷ്ട്ര

നവംബർ 16–ന് കോലാപ്പൂർ, സത്താര, കരട്, മിറജ്, കുർലാപ്, രത്നഗിരി, സാവന്ത്‌വാഡി, സാങ്ഗ്ലി എന്നീ സെൻററുകളിലെ 200 അഭ്യാസികളും 25 കുട്ടികളും പങ്കെടുത്ത ഒരു സമ്മേളനം ആദ്യമായി കോലാപ്പൂർ സം ഘടിപ്പിച്ചു. സഹോദരൻ സുബാഷ് വൈദ്യ(സോണൽ ഇൻ ചാർജ്-MH-5A) സമ്മേളനത്തിൽ അഭിസംബോധന ചെയ്ത് സംസാരിച്ചു. അടുത്തുള്ള ഓരോ സെൻററിനേയും അവരുടെ പ്രിഫെക്റ്റ് പ്രതിനിധാനം ചെയ്തു. ഓരോരുത്തരും അവരവർക്ക് നൽകിയ വിഷയം അവതരിപ്പിച്ചു.

എല്ലാ സംഭാഷണവും ചിട്ടയായതും പ്രചോദനാത്മകവുമായിരുന്നു. സാധനയുടെ വിവിധ വശങ്ങൾക്ക് പുതിയ മുഖങ്ങൾ അവർ നൽകി. സഹജമാർഗ പരിശീലനം കൂടുതൽ നന്നായി ഗ്രഹിക്കുന്നതിന് പരിപാടി സഹായകമായി എന്നു പുതുതായി ചേർന്ന അഭ്യാസികൾ പറഞ്ഞു.

### തഞ്ചാവൂർ, തമിഴ്നാട്

തഞ്ചാവൂർ ജെൻബഗപുരം ആശ്രമത്തിൽ വെച്ച് നവമ്പർ 29,30 തിയതികളിൽ തഞ്ചാവൂർ മേലയിലെ 64 അഭ്യാസികൾക്കും 16 സംഘാടകർക്കുമായി 'സഹജമാർഗ പരിശീലനവും അഭ്യാസികളുടെ പങ്കും' എന്നതിനെ ആസ്പദിച്ച് ദ്വിദിന പരിപാടി നടത്തി. പരിപാടിയിൽ സഹജ മാർഗ പരിശീലനം, സ്വഭാവ രൂപീകരണം, നിഗൂഢമായ അടയാളങ്ങൾ, നിത്യ ജീവിതത്തിൽ സഹജ മാർഗ ജീവിത രീതി നടപ്പിലാക്കൽ എന്നീ വിഷയങ്ങൾ അടങ്ങിയിരുന്നു.

സത്സംഗത്തിനുശേഷം സഹജമാർഗ പരിശീലനത്തിൻെറ പ്രാധാന്യം, അവനവനോടുള്ള ഒരു അഭ്യാസിയുടെ ഉത്തരവാദിത്വം, സംതുലനമായ മാനസികാവസ്ഥ നേടുന്നതിനുള്ള ഉപാധി എന്നിവയെ കുറിച്ച് സംസാരിച്ചുകൊണ്ട് പരിപാടി ആരംഭിച്ചു. ഓരോ അവതാരകർക്കും അഞ്ച് അഭ്യാസികളെ നൽകി. അവർ എല്ലാ വിഷയങ്ങളും വിശദമായി ചർച്ച ചെയ്യുകയും സംശയ നിവാരണം നടത്തുകയും പരസ്പരം ചർച്ച നടത്തുകയും ചെയ്തു. സാധനയെക്കുറിച്ചുള്ള മാസ്റ്ററുടെ ഡിവിഡി കാണിച്ചു. പ്രതികരണ യോഗവും തുടർന്നു സത്സം ഗത്തോടേയും പരിപാടി സമാപിച്ചു.



ശ്രീ രാം ചന്ദ്ര മിഷൻ

എക്കോസ് ഇന്ത്യ വാർത്താപത്രിക

## വാർത്താശകലങ്ങൾ

### ഹുബ്ലി, കർണ്ണാടക

'രക്ഷാകർതൃത്വവും ബന്ധങ്ങളും' എന്നതിൽ ഒരു ചർച്ച ഡിസംബർ 14–ന് സംഘടിപ്പിച്ചു. 70–ൽ അധികം അഭ്യാസികൾ ഹുബ്ലി, കല്ലൂർ, ധാർവാഡ്, നവ്നഗർ, കാഡ്പട്ടി എന്നിവിടങ്ങളിൽ നിന്നും ഹാജരായിരുന്നു.


ഹുബ്ലി

### സെൻററിലേക്കുള്ള സന്ദർശനം, തമിഴ്നാട്

ഒക്ടോബർ 19ന്, കരുമത്താമ്പട്ടിയിലെ 14 അഭ്യാസികൾ കൂനൂർ, ഊട്ടി സന്ദർശിച്ചു. അവർ സത്സംഗിനുശേഷം ദിവസേനയുള്ള പരിശീലനത്തെക്കുറിച്ചും മാസ്റ്ററോടുള്ള സ്നേഹത്തെക്കുറിച്ചും ചർച്ച ചെയ്തു. കൂനൂർ, ഊട്ടി സെൻററുകളിലെ അഭ്യാസികളുടെ ആതിഥ്യവുംസാഹോദര്യവും അവർക്ക് മതിപ്പുളവാക്കുന്നതായിരുന്നു.


ഊട്ടി


ഗോല ഗോകർനാഥ്

### വെല്ലൂർ ,തമിഴ്നാട്

'നിരന്തരസ്മരണ'യെക്കുറിച്ചുള്ള രണ്ടു ദിവസത്തെ ഒരു പരിപാടി നവമ്പർ 8,9 തിയതികളിൽ വദവിരിഞ്ചിപുരം ആശ്രമത്തിൽ നടത്തി. ഏകദേശം 24 അഭ്യാസികൾ അടുത്തുള്ള സെൻററുകളിൽനിന്നായി പങ്കെടുത്തു.


വെല്ലൂർ



വഡോദര

### ഗോല ഗോകർനാഥ്, ഉത്തർ പ്രദേശ്

ഒരു അദ്ധ്യാപക പരിശീലന പരിപാടി പുരുഷോത്തം ബാൽ വിദ്യാ മന്ദിർ സ്കൂളിൽ സംഘടിപ്പിച്ചു. ഈ ശിൽപശാലയിൽ നേതാജി സുബാഷ് ചന്ദ്ര ബോസ് സ്കൂൾ, പുരുഷോത്തം ബാൽ വിദ്യാ മന്ദിർ സ്കൂൾ എന്നിവിടങ്ങളിൽനിന്നായി 23 ടീച്ചർമാർ പങ്കെടുത്തു.

### വഡോദര, ഗുജറാത്ത്

മൂല്യങ്ങളും നേതൃത്വവും എന്നിവയിൽ രണ്ടു പരിപാടികൾ അൽക്കാപുരി, ബറോഡ ഹൈസ്കൂൾ സീനിയർ സെക്കൻററി ക്ലാസ്സുകൾക്കായി സംഘടിപ്പിച്ചു.അവിടെ നടന്ന ചോദ്യോത്തര വേള കുട്ടികൾക്ക് ആസ്വാദ്യകരവും അവർക്ക് ആത്മധൈര്യവും പരസ്പരബഹുമാനം വളർത്തുന്നതിനും സഹായകമായി.

## പരിശീലനത്തിന് അടിത്തറ പാകൽ–പരിശീലന പരിപാടികൾ

ഇന്ത്യയിലെ വിവിധ സെൻററുകളിൽ നടന്ന "ജിഐടിപി" പരിപാടിയുടെ ചില ഫോട്ടോകൾ.


ജോധ്പൂർ


സിർസി


പട്യാല


സിരോഹി


ഗോവ


പാലക്കാട്

ശ്രീ രാം ചന്ദ്ര മിഷൻ എക്കോസ് ഇന്ത്യ വാർത്താപത്രിക

## സത്തുപ്പള്ളി ആശ്രമം, തെലങ്കാന

## പ്രകാശകേന്ദ്രം





തെലങ്കാന സംസ്ഥാനത്തെ ഖമ്മം ജില്ലയിലെ ഒരു ടൗണാണ് സത്തുപ്പള്ളി. വിജയവാഡയിൽ നിന്നും ഏകദേശം 100 കിലോമീറ്റർ ദൂരത്താണിത് സ്ഥിതി ച്ചെയ്യുന്നത്. ഏറ്റവുമടുത്ത റയിൽവേ സ്റ്റേഷൻ ജില്ലാ ആസ്ഥാനം കൂടിയായ ഖമ്മം ആണ്. വിജയവാഡയ്ക്കും വാറംഗല്ലിനും ഇടയിലാണ് ഖമ്മം.

1980–90കളിൽ പത്തോളം സഹജമാർഗ്ഗ അഭ്യാസികൾ മാത്രമേ സത്തുപ്പള്ളിയിൽ ഉണ്ടായിരുന്നുള്ളൂ. 1990–ൽ ഒരു പ്രിഫക്ട് സഹോദരൻ വി.സൂര്യഭാസ്കരം ബേലംപള്ളി എന്ന സ്ഥലത്തുനിന്നും കോത്താഗുഡം എന്ന സ്ഥലത്തേക്ക് സ്ഥലംമാറി വരികയുണ്ടായി. സത്തുപ്പള്ളിയിലേക്ക് 60 കി.മീറ്ററോളം യാത്ര ചെയ്താണ് അദ്ദേഹം അഭ്യാസികളെ കാണാറുണ്ടായിരുന്നത്. അദ്ദേഹത്തിൻെറ സന്ദർശനഫലമായി 97–98ഓടു കൂടി അഭ്യാസികളുടെ എണ്ണം പത്തിൽ നിന്നും ഇരുപതായി വർദ്ധിച്ചു.

ഒരു അഭ്യാസി സഹോദരൻ ഏകദേശം 278 സ്ക്വയർ യാർഡ് വരുന്ന ഭൂമി ആശ്രമം നിർമ്മിക്കുവാൻ വേണ്ടി സംഭാവന ചെയ്യുകയുണ്ടായി. ഖമ്മത്ത് നിന്നും രാജമുണ്ഡരിയിലേക്കുള്ള മെയിൻ റോഡിൽ, ടൗണിൻെറ ഹൃദയഭാഗത്തായിരുന്നു ഈ സ്ഥലം. 1992 ഫെബ്രുവരി 26–ന് ശ്രീരാം ചന്ദ്രമിഷൻെറ പേരിൽ ഈ ഭൂമി റജിസ്റ്റർ ചെയ്തു. അഭ്യാസികളിൽ നിന്നും തദ്ദേശവാസികളിൽ നിന്നുമുള്ള സംഭാവനകൾ സ്വീകരിച്ചുകൊണ്ട് 1998–ൽ ആശ്രമത്തിൻെറ നിർമ്മാണം പൂർത്തിയായി. ആശ്രമത്തിൻെറ പ്ലിന്ത് ഏരിയ ഇപ്രകാരമാണ്–മെഡിറ്റേഷൻ ഹാൾ–545 ചതുരശ്ര അടി, അടുക്കള–200 ചതുരശ്ര അടി– ആകെ 2502 ചതുരശ്ര അടി. സുസജ്ജമായ കമ്പ്യൂട്ടർ, ഇൻറർനെറ്റ് സൗകര്യങ്ങളോടു കൂടിയ ഒരു ലൈബ്രറിയും ആശ്രമത്തിലുണ്ട്. 1994 ജൂൺ 27–ന് സഹോദരൻ എസ്.എ.സർനാദ് ആണ് ആശ്രമത്തിൻെറ ഉദ്ഘാടനം നിർവ്വഹിച്ചത്. 2011–ൽ രണ്ട് റൂമുകളും, ഒരു തുറന്ന ഹാളും ആശ്രമത്തിൻെറ ടെറസ്സിൽ നിർമ്മിക്കുകയുണ്ടായി. അതിൻെറ ഉദ്ഘാടനം ഫെബ്രുവരി 2011–നാണ് നടന്നത്.

ഏകദേശം 40–ഓളം വരുന്ന അഭ്യാസികൾ ആശ്രമം സ്ഥിതി ചെയ്യുന്ന തെരുവിൽ തന്നെ താമസിക്കുന്നവരാണ്. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും 5 മുതൽ 6 മണി വരെ സത്സംഗത്തിനായി അവർ ഒത്തുചേരാറുണ്ട്. രാവിലെ 11 മുതൽ ഉച്ച്ക്ക് 1 മണി വരെയുള്ള സമയം വിസ്പേഴ്സ് വായിക്കുവാനും, മിഷൻെറ പുസ്തകങ്ങൾ ചർച്ച ചെയ്യുവാനും ഉള്ളതാണ്.

ഖമ്മം, കോത്താഗുഡം സെൻററുകളിൽ നിന്നുമുള്ള പ്രിഫക്ടുമാർ, വ്യക്തിഗത സിറ്റിഗുകളും, മുഴുദിന പരിപാടികളും നടത്തുവാനായി ആശ്രമം സന്ദർശിക്കുന്നുണ്ട്.

ഇപ്പോൾ 80–ലധികം അഭ്യാസികൾ ഇവിടെയുണ്ട്. പുതിയ അഭ്യാസികളടക്കമുള്ള എല്ലാവരും സപ്തംബർ 2013–ൽ സത്തുപ്പള്ളിയിൽ നടന്ന ജി.ഐ.ടി.പി. പരിപാടിയിൽ പങ്കെടുത്തു.







To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2015 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.